**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം

## (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്
(Presented on 13th July 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

**ആനുകാലിക റിപ്പോർട്ട്**

(2022 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

690/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 16 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ.
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u>:

ഡോ. ആർ. ബിന്ദു

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. രമേശ് ചെന്നിത്തല

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്,

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി,

ശ്രീമതി ദീപ. ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി,

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി (2021-2023) 2021 ജൂൺ 7-ാം തീയതി രൂപീകൃതമായി. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 17-6-2021, 23-6-2021, 30-6-2021, 29-7-2021, 2-8-2021, 29-9-2021, 8-12-2021 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേർന്നു. ഇതിൽ രണ്ട് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 6 യോഗങ്ങൾ എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 71% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ എന്നിവയുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങളും അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂൺ 22-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

കെ. രാധാകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2022 ജൂൺ 22.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂൺ 30-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ജൂലൈ 22-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2021 ആഗസ്റ്റ് 2-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ആഗസ്റ്റ് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആനുകാലിക റിപ്പോർട്ട് 2021 ആഗസ്റ്റ് 2-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2021 ആഗസ്റ്റ് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ ബില്ലുകളൊന്നും സമിതിയുടെ പരിഗണനയ്ക്ക് ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശങ്ങൾ

കേരള സ്ത്രീധന നിരോധന (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 520/2021) പ്രസിദ്ധപ്പെടുത്തിയ നടപടി 29-9-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ 235 (എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(i) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) 10-6-2021-നും പട്ടികജാതി വികസന വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം), പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) എന്നിവ 16-3-2022-നും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ സഭയിൽ സമർപ്പിച്ചു.

(ii) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ആഭ്യന്തര വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 10-6-2021-നും പൊതുഭരണ (എഫ്.എഫ്.പി.ബി.) വകുപ്പിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് 12-8-2021-നും, ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സഭയിൽ സമർപ്പിച്ചു. വനിതാശിശു വികസന വകുപ്പിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസപത്രിക സഹിതം) 16-3-2022-ന് ബഹു. ആരോഗ്യവും വനിതാശിശു വികസനവും വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം VI

## (എ) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ സംഗ്രഹം

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 92 ശിപാർശകളിന്മേലും വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി

സ്റ്റേറ്റ്മെന്റുകൾ നടപ്പുവർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും, അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1910/സബ്.സി.ജി2/2017/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 3)**

2225-01-800-57—പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം)

2013-14 വർഷം മുതൽ പട്ടികജാതി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഓരോ ജില്ലകൾക്കും ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള പൊതുശേഖര ഫണ്ട് (ക്രിറ്റിക്കൽ ഗ്യാപ് ഫില്ലിംഗ്) ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും 1/3 ഭാഗം നൽകി വരുന്നു. കൂടാതെ ചികിത്സാ ധനസഹായ പദ്ധതി, സ്വാശ്രയ ഗ്രാമം പദ്ധതി, ടോയ്‌ലെറ്റ് പദ്ധതി എന്നീ തുടർ പദ്ധതികൾക്കും ഈ ശീർഷകത്തിൽ നിന്നും തുക അനുവദിച്ച് വരുന്നു. പട്ടികജാതി കോളനികളിൽ പ്രവർത്തിക്കുന്ന 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ നടത്തിപ്പിനുള്ള 328.97 ലക്ഷം രൂപയും വിജ്ഞാൻവാടികളുടെ ആവർത്തന ചെലവും ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത 2 പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി 1 കോടി രൂപ വീതം ഓരോ കോളനികൾക്കും വകയിരുത്തുന്ന പദ്ധതി 2016-17 വർഷം മുതൽ നടപ്പിലാക്കുന്നതിന് ഈ ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുള്ളതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന് പുറമെ 121.12 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായ പദ്ധതി സ്വാശ്രയ ഗ്രാമം പദ്ധതി, ടോയ്‌ലെറ്റ് നിർമ്മാണ പദ്ധതി, പട്ടികജാതി കോളനികളിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററുകൾ, വിജ്ഞാൻവാടികൾ എന്നിവയ്ക്കാവശ്യമായ തുക ഈ ശീർഷകത്തിൽ നിന്നാണ് കണ്ടെത്തിയിരുന്നത്. 2017-18 വർഷം 16.1235 കോടി രൂപ (റീ അപ്രോപ്രിയേഷൻ മുഖേന അധികമായി ലഭിക്കുകയും 82.0540 കോടി രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു.

(സർക്കാർ കത്ത് നമ്പർ ബി2/132/2021/പജപവവിവ. തീയതി 3-9-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 4)**

2225-01-800-26—പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റു വകുപ്പുകൾ ശിപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട്.

പട്ടികജാതിക്കാരുടെ ക്ഷേമവും വികസനവും ലക്ഷ്യമിട്ട് മറ്റ് വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വരുമാനദായകമായിട്ടുള്ള പദ്ധതികൾക്ക് തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ നിലവിൽ ഇതിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ തുകയ്ക്ക് പുറമെ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ബന്ധപ്പെട്ട ശീർഷകത്തിൽ 3 കോടി രൂപ അധികമായി ലഭിക്കുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. 2017-18 വർഷം വകയിരുത്തിയിരുന്ന ഒരു കോടി രൂപയിൽ നിന്നും 97.74 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ ബി2/132/2021/പജപവവിവ. തീയതി 3-9-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 6)**

2225-80-800-99-12—മറ്റു സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകളും-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

മുന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും 2017-18 അധ്യയന വർഷത്തെ ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഈ ഇനത്തിൽ 2013-14 മുതൽ 2016-17 വരെ നൽകാനുള്ള കുടിശ്ശിക തുകയായ 37.35 കോടി രൂപയും നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 46.35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മുന്നാക്ക സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ 2017-18 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് 46.35 കോടി രൂപ അനുവദിക്കുന്നതിന് 3 പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും തുക അനുവദിച്ച് നൽകിയില്ല.

(സർക്കാർ കത്ത് നമ്പർ 101/ ബി3/2021/പജപവവിവ. തീയതി 1-10-2021)

(3, 4, 6 എന്നീ നമ്പർ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

## 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1228/സബ്.സി.ജി2/2018/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 50)**

2235-02-800-81-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം</u>

കമ്മീഷനിലെ മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ വേതനം ഉൾപ്പെടെയുള്ള ശമ്പളം, മറ്റ് അലവൻസുകൾ തുടങ്ങിയവയ്ക്കായി നിലവിലുള്ള വിഹിതം തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.088 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ധനസഹായമായി 2018-19 സാമ്പത്തിക വർഷത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 52.50 ലക്ഷം രൂപയ്ക്ക് (നോൺ പ്ലാൻ) പുറമെ 40 ലക്ഷം രൂപ അധികതുകയായി 24-10-2018-ലെ സ. ഉ. (സാധാ.) നമ്പർ 6971/2018/പൊ.ഭ.വ. ഉത്തരവ് പ്രകാരം കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

കൂടാതെ 23-3-2019-ലെ സ.ഉ. (സാധാ.)നമ്പർ 1746/2019/പൊഭവ. ഉത്തരവ് പ്രകാരം 2235-02-800-31-36 എന്ന ശീർഷകത്തിൽ നിന്ന് 31.50 ലക്ഷം രൂപ ധനപുനർ വിനിയോഗം വഴി 2235-02-800-81-31 എന്ന ശീർഷകത്തിലേക്ക് അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ3/76/21/പൊഭവ. തീയതി 11-10-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 51)**

2235-02-800-81-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളേതരം</u>

കമ്മീഷന് വേണ്ടിയുള്ള മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ ജീവനക്കാർക്കാവശ്യമായ കമ്പ്യൂട്ടർ, കരാർ വാഹനത്തിന്റെ ചെലവ്, വാടക, അവധിയാത്രാ സൗജന്യം, വെള്ളക്കരം, വൈദ്യുതി തുടങ്ങിയ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകുമെന്നതിനാൽ 33.5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ശമ്പളേതര ശീർഷകത്തിൽ (2235-02-800-81-36) 2018-19 സാമ്പത്തിക വർഷത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായി 31.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി തുക 23-3-2019-ലെ സ.ഉ. (സാധാ.) നമ്പർ 1746/2019/പൊഭവ. ഉത്തരവ് പ്രകാരം ധനപുനർവിനിയോഗം വഴി 2235-02-800-81-31 എന്ന ശീർഷകത്തിലേക്ക് അനുവദിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം 2235-02-800-81-36 എന്ന ശീർഷകത്തിൽ സമിതി ആവശ്യപ്പെട്ടതു പ്രകാരമുള്ള അധിക തുക അനുവദിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ3/76/21/പൊഭവ. തീയതി 11-10-2021)

(50, 51 എന്നീ നമ്പർ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പൊതുഭരണ വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3334/സബ്.സി.ജി2/2019/നി.സെ.)

**ശിപാർശ (ഖണ്ഡിക നമ്പർ 6)**

225-02-277-99-12—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

2016-17 സാമ്പത്തിക വർഷം പ്രീമെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനു

കുല്യങ്ങൾ 25% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്ന പക്ഷം പ്രസ്തുത ചെലവുകൾ കൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിനുപുറമെ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തികവർഷം 2225-02-277-99-12 മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (നോൺ പ്ലാൻ) ശീർഷകത്തിൽ 16,50,00,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ടി തുക ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിനാൽ അധിക ഫണ്ട് ആവശ്യമായി വരുന്നില്ല. ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 16.50 കോടി രൂപയിൽ 15.02 കോടി രൂപ ചെലവഴിച്ചു.

(സർക്കാർ കത്ത് നമ്പർ 352/പി.എം1/2019/പജപവവിവ. തീയതി 29-9-2020)

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നമ്പർ 12)**

2225-03-102-94—<u>കുംഭാര കോളനികളുടെ വികസനം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന കുംഭാര/കുശവ സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ കുംഭാര സമുദായങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് 5 കോടി രൂപ അനുവദിക്കുമെന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ അറിയിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന

വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

"2225-03-102-94 കുംഭാര കോളനികളുടെ നവീകരണം" എന്ന ശീർഷകത്തിൽ അധികധനാനുമതി അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 1/280/2019/പി.വി.വി.വ. തീയതി 21-4-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 13)**

2225-03-800-99-35—<u>പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

പിന്നാക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനത്തിന് പരമപ്രധാനമായ അടിസ്ഥാന സൗകര്യ വികസനം, വെബ്പോർട്ടൽ സംബന്ധിച്ച പ്രവർത്തനത്തിന് സി-ഡിറ്റിന് നൽകാനുള്ള ബാക്കിതുക, കമ്പ്യൂട്ടർ പ്രോഗ്രാമറുടെ തസ്തികയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

പ്രസ്തുത ശിപാർശയിന്മേലുള്ള കമ്മീഷന്റെ അപേക്ഷ പരിഗണിച്ച "2225-03-800-99-35 മൂലധന ആസ്തികളുടെ രൂപീകരണം" സംബന്ധിച്ച ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 1/280/2019/പി.വി.വി.വ. തീയതി 21-4-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 14)**

2225-03-800-81—<u>ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്</u>

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയിൽ 2017-18 മുതൽ 12,000 രൂപയായി ഗ്രാന്റ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. കൂടുതൽ അപേക്ഷകൾ വരുന്ന സാഹചര്യം നിലവിലുള്ളതുകൊണ്ടും അപേക്ഷിക്കുന്നവർക്കെല്ലാം ആനുകൂല്യം നൽകുന്നതിനും പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ

ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി പ്രകാരം വർഷം ബഡ്ജറ്റ് വിഹിതമായി ലഭ്യമായ 12 ലക്ഷം രൂപയ്ക്ക് പുറമെ ഗുണഭോക്താക്കളുടെ ബാഹുല്യം കണക്കിലെടുത്ത് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 31,89,000 രൂപ അധികധനാനുമതിയായും 67,08,000 രൂപ 2225-03-277-98-12(N) ശീർഷകത്തിൽ ഉപധനാഭ്യർത്ഥനയിന്മേലും അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ എ 1/280/2019/പി.വി.വി.വ. തീയതി 21-4-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 15)**

4225-03-190-99—പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ

പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾക്കായി "4225-03-190-99" ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന് 2019-20 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ഓഹരി മൂലധനമായി അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും വിനിയോഗിച്ച് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്കും സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെയും കൂടി അടിസ്ഥാനത്തിലും സമിതി ശിപാർശ ചെയ്തിട്ടുള്ള തുക അനുവദിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

(സർക്കാർ കത്ത് നമ്പർ എ 1/280/2019/പി.വി.വി.വ. തീയതി 21-4-2021)

(12 മുതൽ 15 വരെ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് പിന്നാക്കവിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 10-6-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 29-9-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നമ്പർ 23)**

2235-02-104-89 -31—അനാഥാലയ നിയന്ത്രണ ബോർഡ് -സഹായധനം-ശമ്പളം

ബോർഡ് മെമ്പർ, സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് വേതനവും നൽകുന്നതിനായി, 94.84 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി

ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

അനാഥാലയ നിയന്ത്രണ ബോർഡിലെ ജീവനക്കാർക്കും ബോർഡ് അംഗങ്ങൾക്കും ശമ്പളവും ഓണറേറിയവും നൽകുന്നതിനായി 1.02 കോടി രൂപ അധിക ധനാനുമതി പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ ടി തുക വികാസ് ഭവൻ സബ്ട്രഷറിയിലുള്ള സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റിയിടുന്നതിന് ധനവകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ടി തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/165/2020-സാനീവ. തീയതി 20-3-2021)

**ശിപാർശ ഖണ്ഡിക നമ്പർ 24**

2235-02-101-89—<u>വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം</u>

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്ന് 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിൽ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 32.548 ലക്ഷം രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/165/2020-സാനീവ. തീയതി 20-3-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 25)**

<u>2235-02-104-98-36—അനാഥശാലകൾ സഹായധനം - ശമ്പളേതരം</u>

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 23552 കുട്ടികൾക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ അധികം വേണ്ടി വരുന്ന തുക 1.41312 കോടി രൂപയായി കണക്കാക്കുന്നു. നിലവിലുള്ള ബഡ്ജറ്റിലെ വിഹിതം അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം

വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.41312 കോടി രൂപ അധികമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

കുട്ടികളെ സംരക്ഷിക്കുന്ന 316 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തനം നിർത്തലാക്കിയതിനാൽ ശിപാർശ ചെയ്ത അധിക തുകയായ 1.41312 കോടി രൂപ ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/165/2020-സാനീവ. തീയതി 20-3-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 26)**

2235-02-104-97—യാചക കേന്ദ്രങ്ങൾ

അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 552 യാചകർക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ 3.312 ലക്ഷം രൂപ അധികമായി നൽകണം. കൂടാതെ കുടിശ്ശികയും നൽകേണ്ടതുള്ളതായി സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 33.432 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/165/2020-സാനീവ. തീയതി 20-03-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 27)**

2235-02-107-98-36—സന്നദ്ധസാമൂഹ്യക്ഷേമ സംഘടനകൾ - സഹായധനം - ശമ്പളേതരം

വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള കാലയളവിലെ വർദ്ധിപ്പിച്ച ഗ്രാന്റ് 9661 വയോജനങ്ങൾക്കായി 2019-20 വർഷത്തിൽ നൽകുമ്പോൾ 57.966 ലക്ഷം രൂപ അധികമായി ആവശ്യമുണ്ട്. കൂടാതെ കുടിശ്ശികയും നൽകേണ്ടതുണ്ട്. നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.17116 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

1.17116 കോടി രൂപ അധികമായി ലഭ്യമാക്കുന്നതിന് ഉപധനാഭ്യർത്ഥന വഴി

അഭ്യർത്ഥിച്ചെങ്കിലും തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ.സി1/165/2020-സാനീവ. തീയതി 20-3-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 28)**

2235-02-800-98 —<u>മിശ്രവിവാഹങ്ങൾ</u>

31-1-2019 വരെ മിശ്രവിവാഹ ധനസഹായം 2443 പേർക്ക് കുടിശ്ശികയായി നൽകാനുണ്ട്. ഒരാൾക്ക് 30,000 രൂപ എന്ന ക്രമത്തിലാണ് നൽകുന്നത്. ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഇതിലേക്കായി 7.3290 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

ശിപാർശ ചെയ്ത അധിക തുക ലഭ്യമായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സാനീവ-സി1/165/2020-സാനീവ. തീയതി 20-3-2021)

(23 മുതൽ 28 വരെ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നമ്പർ 34)**

2235-02-102-55-01-5—<u>അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം - ശമ്പളം- മറ്റ് അലവൻസുകൾ</u>

അംഗൻവാടികളിലെ വർക്കർ, ഹെൽപ്പർ, മിനി അംഗൻവാടികളിലെ വർക്കർ എന്നിവർക്ക് യഥാക്രമം 4,800, 4,050, 4,800 ക്രമത്തിൽ ഹോണറേറിയം നൽകുന്നതിനും ഓണം ഫെസ്റ്റിവൽ അലവൻസ് നൽകുന്നതിനും 66.09 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം, ഓണം ഫെസ്റ്റിവൽ അലവൻസ് എന്നിവ നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ അധിക ധനസഹായം

അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ വശിവിവ.ബി2/60/2021-വശിവിവ. തീയതി 22-9-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 38)**

2235-02-103-95-34-3—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ-മറ്റു ചെലവുകൾ - മറ്റിനം

കേരള വനിതാ കമ്മീഷൻ ഓഫീസ്, തമ്പാനൂർ KTDFC ടെർമിനലിൽ മാറ്റി സ്ഥാപിക്കുവാൻ ക്വട്ടേഷൻ/ടെൻഡർ നടപടികൾ 2018-19 സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 2018-19-ൽ 1.1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ കേരള വനിതാ കമ്മീഷൻ ഓഫീസ് തമ്പാനൂർ കെ.റ്റി.ഡി.എഫ്.സി. ടെർമിനലിൽ മാറ്റി സ്ഥാപിക്കുവാൻ അധിക തുക വകയിരുത്തുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ വശിവിവ.ബി2/60/2021-വശിവിവ. തീയതി22-9-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 40)**

2235-02-103-64—അന്വേഷി വനിതാ കൗൺസിലിംഗ് സെന്റർ

അന്വേഷി വനിതാ കൗൺസിലിംഗ് സെന്ററിന് മുൻ സാമ്പത്തിക വർഷത്തേക്കാൾ ബഡ്ജറ്റ് വിഹിതം വളരെ കുറവായതിനാൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് 2019-20 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 28.43 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

2019-20 സാമ്പത്തിക വർഷത്തിൽ അന്വേഷി വനിതാ കൗൺസിലിംഗ് സെന്ററിന് അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ വശിവിവ.ബി3/52/2021-വശിവിവ. തീയതി 25-9-2021)

**ശിപാർശ (ഖണ്ഡിക നമ്പർ 46)**

4235-02-102-86—പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അംഗൻവാടികളുടെ പുനരുദ്ധാരണം.

പ്രളയത്തിൽ 114 അംഗൻവാടികൾ പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. ഒരു അംഗൻവാടിക്ക് 25 ലക്ഷം രൂപ ക്രമത്തിൽ ആകെ 2850 ലക്ഷം രൂപ ആവശ്യമായിട്ടുണ്ട്.

നിലവിലെ തുക അപര്യാപ്തമായതിനാൽ 26.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

സമിതി ശിപാർശ പ്രകാരം 2019-20-ലെ അവസാന ബാച്ച് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചിരുന്നെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല.

(സർക്കാർ കത്ത് നമ്പർ വശിവിവ.ബി1/63/2021-വശിവിവ. തീയതി 23-9-2021)

(34, 38, 40, 46 എന്നീ നമ്പർ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച് വനിതാശിശുവികസന വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021 -ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക നമ്പർ 50)**

2235-02-800-81-31—മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ-സഹായധനം-ശമ്പളം

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗത്തിനുള്ള ശമ്പള കുടിശ്ശിക, കമ്മീഷനിലെ മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ ശമ്പളം, മറ്റ് അലവൻസുകൾ തുടങ്ങിയവയ്ക്കായും നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6415 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ധനസഹായമായി 2019-20 സാമ്പത്തിക വർഷത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായി 56.70 ലക്ഷം രൂപയ്ക്ക് (നോൺ പ്ലാൻ) പുറമെ 50 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി 19-7-2019-ലെ G.O. (Rt.) No. 4269/2019/GAD ഉത്തരവ് പ്രകാരം കമ്മീഷൻ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി.ഡിഎൻ.3/68/2021-പൊഭവ. തീയതി 2-9-2021)

(പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കുവാനുണ്ടായ കാലതാമസം സംബന്ധിച്ച്

പൊതുഭരണ (ഏകോപനം) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക നിയമസഭാ ചട്ടം 236(5) പ്രകാരം 3-11-2021-ന് സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് 8-12-2021 -ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും ചെയ്തു.)

<u>അദ്ധ്യായം-VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം
2022 ജൂൺ 22

<u>അനുബന്ധം</u>

## 17-6-2021-ലെ യോഗനടപടിക്കുറിപ്പ്

പതിനഞ്ചാം കേരള നിയമസഭയുടെ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പ്രഥമ യോഗം 2021 ജൂൺ മാസം 17-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദുവും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ആൻസലൻ, എം. എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
3. ശ്രീ. യു. എ. ലത്തീഫ് , എം. എൽ. എ.
4. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.
5. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
6. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u> :

7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പ്രണബ് ജ്യോതിനാഥ്, ഐ.എ.എസ്., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പ്
2. ശ്രീമതി എം. കെ. ബിന്ദു തങ്കച്ചി, അഡീഷണല് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീമതി സോണിയ വാഷിംഗ്ടൺ, അഡീഷണല് സെക്രട്ടറി, പിന്നാക്കവിഭാഗ വികസന വകുപ്പ്

4. ശ്രീ. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി പി. എം. സിന്ധു, ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്

6. ഡോ.പി. പുകഴേന്തി, ഐ.എഫ്.എസ്., ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്

7. ശ്രീമതി പി. ഐ. ശ്രീവിദ്യ, ഐ.എ.എസ്., ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് & പിന്നാക്കവിഭാഗ വികസന വകുപ്പ്

8. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കിർത്താഡ്സ്

9. ശ്രീമതി എം. സുനിജാ ബീഗം, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീ. ആർ. ഷിബു, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

2225-01-001-94-34—<u>വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭവും-മറ്റു ചെലവുകൾ</u>

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും 35 ഐ.ടി.ഐ., 43 പ്രീമെട്രിക് ഹോസ്റ്റൽ 3 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവ് വഹിക്കുന്നതിനും, നന്ദാവനം ഓഫീസ്, അംബേദ്കർ ഭവൻ എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പ്ലാന്റുകളുടെ തുടർ ചെലവിനത്തിലും ജില്ലാ ഓഫീസുകളുടെയും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ, നന്ദാവനം ബിൽഡിംഗിന്റെ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ടും, വകുപ്പിന്റെ ഉപയോഗത്തിലിരിക്കുന്ന സോഫ്റ്റ് വെയറുകളുടെ മെയിന്റനൻസ്, ഇ-ഗവേണൻസുമായി ബന്ധപ്പെട്ട നവീകരണ സാധനങ്ങൾ എന്നിവയ്ക്കും അധിക തുക ആവശ്യമാണെന്ന് പട്ടികജാതി പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടര് സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-102-91—<u>വാത്സല്യനിധി</u>

വാർഷിക വരുമാന പരിധി 1 ലക്ഷത്തിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3 ലക്ഷം രൂപ നൽകുന്ന LIC-യുമായി ചേർന്നുള്ള ഇൻഷുറൻസ് അധിഷ്ഠിത പദ്ധതിപ്രകാരം നിലവിൽ 4500-ഓളം കുട്ടികൾക്ക് 39,000 രൂപ നിരക്കിൽ ആദ്യ ഗഡു തുക എൽ.ഐ.സി.-ക്ക് കൈമാറുന്നതിനും നടപ്പ് സാമ്പത്തികവർഷം 4000 ത്തിലധികം അപേക്ഷകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-54—<u>പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ(നോൺ പ്ലാൻ)</u>

പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ 1000 രൂപമാത്രമാണ് വകയിരുത്തിയിക്കുന്നതെന്നും പ്രത്യേകം തുക അനുവദിക്കാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സഹായം എന്ന പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നതെന്നും പട്ടികജാതി പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടര് സമിതിയെ അറിയിച്ചു. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ഭരണപരമായ ചെലവുകളും ടി ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 62 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-800-86—<u>1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)</u>

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ ഇരകൾക്ക് കോമ്പൻസേഷൻ നൽകുക. ഇതിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ നടത്തിപ്പിനുള്ള സ്പെഷ്യൽ കോടതികളുടെ ഭരണചെലവുകൾ, ശമ്പളം, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ മറ്റ് വിഭാഗങ്ങളിലുള്ളവരുമായി വിവാഹിതരാകുമ്പോൾ അവർക്ക് ധനസഹായം നൽകുക തുടങ്ങിയ കാര്യങ്ങൾക്കാണ് പ്രസ്തുത ശീർഷകത്തിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരമുള്ള ആശ്വാസ ധനസഹായ തുക വർദ്ധിപ്പിച്ചതിനാലും എഫ്. ഐ. ആർ. സ്റ്റേജിൽ തുക നൽകേണ്ടി വരുന്നതിനാലും നടപ്പുസാമ്പത്തിക വർഷത്തിൽ ജില്ലകളിൽ ലഭ്യമായതും അനുമതി നൽകാത്തതുമായ മിശ്ര വിവാഹ ധനസഹായ അപേക്ഷകർക്ക് കൂടി ആനുകൂല്യം അനുവദിക്കുന്നതിലേക്കും നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

ഓരോ കുറ്റകൃത്യങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നത് എപ്രകാരമാണെന്ന് സമിതി ആരാഞ്ഞു.

പ്രസ്തുത നിയമത്തിന്റെ 2013-ലെ ഭേദഗതി അനുസരിച്ച് ലോകസഭ പാസ്സാക്കിയ റൂൾ പ്രകാരം പലതരത്തിലുള്ള കുറ്റകൃത്യങ്ങൾക്ക് അത് ബലാൽസംഗമോ കൊലപാതകമോ ആണെങ്കിലും പല ഘട്ടങ്ങളായിട്ടാണ് നഷ്ടപരിഹാരം നൽകുന്നതെന്നും കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതിയിൽ വച്ച ശേഷമാണ് തുക അനുവദിക്കുന്നതെന്നും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-80-800-99-12—<u>മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് മുന്നാക്കസമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പെൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യ ത്തിനായുള്ള വരുമാന പരിധി 2014 മുതൽ 42,000 രൂപയിൽ നിന്നും 1,00,000 രൂപയായി വർദ്ധിപ്പിച്ചതിന് ആനുപാതികമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുകയും മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനും നടപ്പ് വർഷത്തെ ആനുകൂല്യം പൂർണ്ണമായി വിതരണം ചെയ്യുന്നതിനും ഈ ശീർഷകത്തിൽ 58.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-01-283-89—<u>ഭവനനിർമ്മാണം-ഭവനരഹിതർക്ക് ഭവനം</u>

ലൈഫ് ഭവന പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് വകുപ്പ് നേരിട്ട് അനുവദിച്ച വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും കൂടാതെ പല സ്കീമുകളിൽ നിന്നും ഫണ്ട് ലഭ്യമായെങ്കിലും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത പതിനായിരത്തോളം ഗുണഭോക്താക്കൾക്ക് കൂടി 1.5 ലക്ഷം രൂപ വീതം ഭവനപൂർത്തീകരണത്തിന് ധനസഹായം അനുവദിക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പഠനമുറി നിർമ്മിക്കുന്ന തിനുള്ള ധനസഹായം അനുവദിക്കുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്നും അധികതുക അനുവദിക്കണമെന്നും പട്ടികജാതി പിന്നാക്കവിഭാഗ

വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-192-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

വകുപ്പിന്റെ നിയന്ത്രണത്തിലും ബ്ലോക്ക് പഞ്ചായത്തുകളുടെ മേൽ നോട്ടത്തിലും പ്രവർത്തിച്ചുവരുന്ന പ്രീ-മെട്രിക്ക് ഹോസ്റ്റലുകളുടെ അന്തേവാസികൾക്കാവശ്യമായ ഭക്ഷണം, യൂണിഫോം ഇനങ്ങളിലായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ആയത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-01-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്-വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം

വകുപ്പിന്റെ നിയന്ത്രണത്തിലും വില്ലേജ് പഞ്ചായത്തിന്റെ മേൽ നോട്ടത്തിലും പ്രവർത്തിച്ചുവരുന്ന നഴ്സറി സ്കൂളുകളിലെ കുട്ടികൾക്കാവശ്യമായ ഭക്ഷണം, യൂണിഫോം മറ്റ് ദൈനംദിന ചെലവുകൾ എന്നിവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ടി സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-67-05-01—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ -ഓഫീസ് ചെലവുകൾ-വെള്ളക്കരം

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വെള്ളക്കരം ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.94 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-67-05(02)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-67-05(03)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ ടെലിഫോൺ ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-67-05(04)—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളുടെ ഓഫീസ് ചെലവുകൾ, തപാൽ ചെലവുകൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 34.58 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-01-277-67-45—വ്യവസായിക പരിശീലന കേന്ദ്രങ്ങൾ-പി.ഒ.എൽ.

വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന 44 വ്യവസായ പരിശീലന കേന്ദ്രങ്ങളിലെ കോഴ്സ് നടത്തിപ്പ് പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 19,000 രൂപ അധികമായി പുനർവിനിയോഗംവഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

2225-03-001-98—ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും

പ്രസ്തുത ശീർഷകത്തിൽ ഭരണചെലവുകളും ഇ-ഓഫീസുമായി ബന്ധപ്പെട്ട പർച്ചേസിംഗും സോഫ്റ്റ്‌വെയർ മെയിന്റനൻസുമായി ബന്ധപ്പെട്ട ചെലവുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും വകുപ്പിന് കീഴിൽ കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ രണ്ട് പുതിയ ഓഫീസുകൾ ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഫീസുകൾ സജ്ജമാക്കുന്നതിനും അവിടങ്ങളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്റർ, ഫോട്ടോകോപ്പിയർ, സ്കാനർ, ഫർണിച്ചറുകൾ

തുടങ്ങിയവ വാങ്ങുന്നതിനും വാഹന വാടകയ്ക്കുമായി അധിക തുക ആവശ്യമാണെന്നും പട്ടികജാതി പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-102-98—ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം

സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും തൊഴിലിടം ആധുനികവൽക്കരിക്കുന്നതിനും നവീന ഉപകരണങ്ങൾ വാങ്ങുന്നതിനും ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ ഗ്രാന്റ് അനുവദിച്ചവർക്ക് അർഹമായ രണ്ടാം ഗഡു തുക കൂടി നൽകേണ്ടതിനാലും 2020-21 മുതൽ ഈ പദ്ധതി മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുള്ളതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശിർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-102-99—പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള ഓട്ടോമൊബൈൽ തൊഴിൽ പരിശീലനം

ഇതുവരെ ഓട്ടോമൊബൈൽ മേഖലയിൽ മാത്രം ആനുകൂല്യം അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതി ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി രംഗങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-102-94—കുംഭാര കോളനികളുടെ വികസനം

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിൽ 2020-21-ൽ പരമാവധി 5 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന വികസനം ലക്ഷ്യമിടുന്നതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2225-03-277-99-12—<u>മെട്രിക്കുലേഷനശേഷമുള്ള പഠനങ്ങൾ -സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തിരഞ്ഞെടുക്കപ്പെട്ട ഒ.ബി.സി (ഹിന്ദു) വിഭാഗത്തിൽ വരുന്ന തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യവും ഈ ശീർഷകത്തിലൂടെയാണ് അനുവദിക്കുന്നതെന്നും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യവും അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം കെ.പി.സി.ആർ. പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യത്തിന്റെ നിരക്ക് നിലവിലെ നിരക്കിന്റെ ഇരട്ടിയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശിർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-277-92-12—<u>മറ്റു പിന്നാക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്ര സഹായം)- സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും</u>

സംസ്ഥാനത്തെ സർക്കാർ/ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബവാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത മറ്റു പിന്നാക്കവിഭാഗങ്ങളിൽപ്പെട്ട സമർത്ഥരായ വിദ്യാർത്ഥികൾക്ക് കേന്ദ്രസഹായത്തോടെ പ്രതിവർഷം 1,500 രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചുവരുന്ന പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതത്തിന് തുല്യമായ തുക കേന്ദ്ര വിഹിതമായി ബഡ്ജറ്റിൽ വകയിരുത്താറുണ്ടെങ്കിലും കുറഞ്ഞ തുക മാത്രമാണ് കേന്ദ്രസർക്കാർ റിലീസ് ചെയ്യാറുള്ളതെന്നും ആയതിനാൽ ആനുകൂല്യത്തിന് അർഹതയുള്ള എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ കഴിയുന്നില്ലെന്നും പട്ടികജാതി പിന്നാക്കവിഭാഗവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ കുട്ടികൾക്ക് നൽകേണ്ട ആനുകൂല്യം സമയബന്ധിതമായി നൽകാൻ കഴിയുന്നില്ലെന്ന വിവരം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകുകയും ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുയും ചെയ്തു.

2225-03-277-91-12—ഒ.ബി.സി.-ക്ക് വിദേശപഠനത്തിനുള്ള ധനസഹായം - സ്കോളർഷിപ്പുകളും സ്റ്റൈപെന്റുകളും

വിദേശ സർവ്വകലാശാലകളിൽ മെഡിസിൻ, അഗ്രിക്കൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് മേഖലകളിൽ ബിരുദാനന്തര ബിരുദവും Phd.-യും ചെയ്യുന്ന പിന്നാക്കവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്ന പ്രസ്തുത പദ്ധതിപ്രകാരം അപേക്ഷകരിൽ പകുതിപേർക്കുപോലും സ്കോളർഷിപ്പ് നൽകാൻ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-277-90—എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം/ ട്രെയിനിംഗ്

പിന്നാക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസസ് UGC/JRF/NET, GATE, MAT തുടങ്ങിയ മത്സരപരീക്ഷാ പരിശീലനത്തിനുള്ള ധനസഹായം, പ്രൊഫഷണലുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ സബ്സിഡി ധനസഹായം, തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത പദ്ധതിയിനത്തിലെ മാനദണ്ഡങ്ങൾ പ്രകാരം മത്സരപരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളവരിൽ പകുതിപേർക്ക്പോലും ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-277-88—പിന്നാക്ക വിഭാഗക്കാർക്കിടയിലുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള നൈപുണ്യവികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം

മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ, കൈപ്പണിക്കാർ, പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ തുടങ്ങിയവർക്ക് തൊഴിൽ നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനുമായി ഒരാൾക്ക് 2,000 രൂപ വരെ നൽകുന്ന പ്രസ്തുത പദ്ധതിപ്രകാരം 23000-ൽപ്പരം അപേക്ഷകർക്ക് ആദ്യഗഡുവും മുൻ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവും

അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2225-03-800-85—പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള സഹായം

ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ സ്ഥലം നവീകരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനും വേണ്ടി രണ്ടു ഗഡുക്കളായി പരമാവധി 50,000 രൂപ വരെ ധനസഹായം അനുവദിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആദ്യ ഗഡു തുക അനുവദിച്ചവർക്ക് രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-800-81—ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപ വാർഷികവരുമാനത്തിന് വിധേയമായി പന്ത്രണ്ടായിരം രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് മൂന്നാം ഗഡു, രണ്ടാം ഗഡു എന്നിവയും 2021-22-ലെ പ്രതീക്ഷിത അപേക്ഷകർക്ക് ആദ്യഗഡു ധനസഹായവും അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-03-800-99—പിന്നാക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

കമ്മിഷൻ ചെയർമാൻ, മെമ്പർമാർ, മറ്റ് ജീവനക്കാർ എന്നിവർക്ക് ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ മറ്റ് അനുബന്ധ ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് 2225-03-800-99-35-മൂലധന ആസ്തികളുടെ രൂപീകരണം എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപയും കമ്മീഷൻ

അംഗങ്ങളുടെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങുന്നതിന് 2225-03-800-99-36-ശമ്പളേതരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 20 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-99—ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിന്മേൽ വായ്പാ വിതരണം നടത്തുന്നതിലേക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4225-03-190-98—കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ

സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനത്തിന് ദേശീയ ഏജൻസികളിൽ നിന്നു ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 16.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്രനിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ- ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ

സംസ്ഥാനത്തെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ബഡ്ജറ്റ് പ്രൊപ്പോസൽ അനുസരിച്ചുള്ള പദ്ധതി നിർവ്വഹണത്തിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് പട്ടികജാതി പിന്നാക്കവിഭാഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. മൺപാത്രതൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കോർപ്പറേഷനാണെങ്കിലും ആ രീതിയിലേക്ക് സ്ഥാപനം ഉയർന്നുവന്നിട്ടില്ലായെന്നും അതിനെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. ഈ ശീർഷകത്തിൽ 4.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-102-93—ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീം (കോർപ്പസ് ഫണ്ട്)

ബഹു. ഹൈക്കോടതി വിധിക്കനുസൃതമായി പട്ടികവർഗ്ഗ ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ ജില്ലാ ഓഫീസുകളിൽ നിന്നും 43 കോടി രൂപയുടെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുള്ളതായി പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. 50 കോടി രൂപ അധികമായി ആവശ്യപ്പെടുമ്പോഴും 43 കോടി രൂപയുടെ പ്രൊപ്പോസൽ മാത്രമല്ലേ ലഭിച്ചിട്ടുള്ളൂ എന്ന് സമിതി ആരാഞ്ഞു. ലീഗൽ സർവ്വീസ് അതോറിറ്റി അഞ്ച് ജില്ലകളിലെ കോളനികൾ സന്ദർശിക്കുകയും പോരായ്മകൾ കണ്ടെത്തി കേസ് ഫയൽ ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ അഞ്ച് ജില്ലകളിലെയും പരാമർശവിധേയമായ ഊരുകൾക്ക് മുൻഗണന നൽകി മെച്ചപ്പെടുത്തണമെന്നാണ് കോടതി വിധിയുണ്ടായതെന്നും, ഈയൊരു പ്രത്യേക പ്രോജക്റ്റിനുവേണ്ടി മാത്രമാണ് തുക ആവശ്യപ്പെട്ടിരിക്കുന്നതെന്നും, സംസ്ഥാനമൊട്ടാകെയുള്ള കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റ് വിഹിതമായ 40 കോടി രൂപ പര്യാപ്തമാണെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി. ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-102-92—ഭക്ഷണസഹായ പരിപാടി

2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ഓണത്തിന് ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിനും കോവിഡ് 19 മഹാമാരിയെത്തുടർന്ന് കണ്ടെയിൻമെന്റ് മേഖലകളിലുള്ള പട്ടികവർഗ്ഗ കോളനികളിലും രോഗബാധിതരുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പോഷകാഹാര കിറ്റ് വിതരണം ചെയ്യേണ്ട സാഹചര്യമുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-02-102-85—പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ കേന്ദ്രങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ സംയോജിത സമഗ്രവികസനം (എ.ടി.എസ്. പി ഫണ്ട്/പ്രത്യേക പാക്കേജ്)

പ്രത്യേകം നിർണ്ണയിക്കപ്പെട്ട അധിവാസ കേന്ദ്രങ്ങളിലെ പട്ടികവർഗ്ഗ ഊരുകളുടെ അടിസ്ഥാനസൗകര്യ വികസനം, പട്ടികവർഗ്ഗക്കാർക്ക് 100 ദിവസത്തെ തൊഴിലിന് പുറമെ അധിക തൊഴിൽദിനങ്ങൾ നൽകുന്നതിനുള്ള പദ്ധതിയായ എം.ജി.എൻ.ആർ.ഇ.ജി.എസ്., ആരോഗ്യപ്രവർത്തനങ്ങൾ, മുൻ വർഷങ്ങളിൽ

നടപ്പിലാക്കിവരുന്ന എ.റ്റി.എസ്.പി. ഹാംലെറ്റ് ഡെവലപ്മെന്റ് സ്പിൽ ഓവർ പദ്ധതി, പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി എന്നിങ്ങനെ 5 ഘടകങ്ങൾക്കായാണ് ടി ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നതെന്നും ഇതിൽ എം.ജി.എൻ.ആർ. ഇ.ജി.എസ്. മിഷന്റെ കണക്കുപ്രകാരം ട്രൈബൽ പ്ലസ്സിനുവേണ്ടി മാത്രമായി 50 കോടി രൂപ വേണ്ടിവരുമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-52—<u>പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികൾ കുറഞ്ഞുവരുന്ന പ്രവണത കാണുന്നുണ്ടെന്നും ഉൽസവകാലങ്ങളിലും മറ്റും വീട്ടിലേക്ക് പോകുന്ന കുട്ടികൾ തിരികെ എത്താത്ത അവസ്ഥയുണ്ടെന്നും ഹോസ്റ്റലുകളിലെ സൗകര്യക്കുറവാണ് അവരെ വീടുകളിലേക്ക് പോകാൻ പ്രേരിപ്പിക്കുന്നതെന്നും വീടുകളിലുള്ളതിനേക്കാൾ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഹോസ്റ്റലുകളിലേർപ്പെടുത്തിയാൽ ഈ സാഹചര്യം ഒഴിവാക്കാൻ കഴിയുമെന്നും വീടുകളിൽ നിന്നും തിരിച്ചെത്താത്ത കുട്ടികളെയും വിവിധ ഘട്ടങ്ങളിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയ കുട്ടികളെയും സ്കൂളിലെത്തിച്ച് തുടർപഠനം സാധ്യമാക്കുന്ന ബൃഹത്പദ്ധതി നടപ്പിലാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

എം.ആർ.എസ്.-കളിൽ താമസസൗകര്യമുണ്ടായിരുന്നിട്ടും പല അധ്യാപകരും അവിടെ താമസിച്ച് കുട്ടികളെ പഠിപ്പിക്കുന്നതിന് സന്നദ്ധരല്ലെന്നും ഇവിടെ താമസിച്ച് പഠിപ്പിക്കാൻ താല്പര്യമുള്ള അധ്യാപകരുടെ പാനൽ തയ്യാറാക്കി അവരിൽ നിന്നും ഇന്റർവ്യൂ നടത്തി അധ്യാപകരെ തെരഞ്ഞെടുക്കുകയാണെങ്കിൽ എം.ആർ.എസ്.-കൾ കൂടുതൽ മെച്ചപ്പെടുമെന്നും സമിതി കൂട്ടിച്ചേർത്തു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 105 പ്രീമെട്രിക് ഹോസ്റ്റലുകളും 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും UNICEF നിലവാരത്തിൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും അതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-282-89—<u>ജനനീ ജന്മരക്ഷ</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭാവസ്ഥയിലുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണം ലക്ഷ്യമിട്ട് ഗർഭിണിയായതിന് ശേഷമുള്ള മൂന്ന് മാസം മുതൽ 18 മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് പൂർത്തിയാകുന്നതുവരെ 2000 രൂപ വീതം ഓരോ മാസവും നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വഴി ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2225-02-277-35—<u>പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ</u>

2021-22 സാമ്പത്തിക വർഷം ബഞ്ച്, ഡെസ്ക്ക്, കമ്പ്യൂട്ടർ, ടി.വി. തുടങ്ങിയ സംവിധാനങ്ങളും കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള ഫെസിലിറ്റേറ്റർമാരും ഉൾപ്പെടെയുള്ള സംവിധാനങ്ങളുള്ള 150 സാമൂഹ്യപഠനമുറികൾ സ്ഥാപിക്കുന്നതിലേക്കും പഠനമുറികളുടെ പ്രവർത്തന ചെലവുകൾക്കുമായി അധിക തുക അനുവദിക്കണമെന്ന് പട്ടികവർഗ്ഗവികസന ഡയറക്ടർ സമിതിയെ അറിയിച്ചു.

പട്ടികവർഗ്ഗവികസന വകുപ്പിനുകിഴിൽ പ്രവർത്തിക്കുന്ന കിന്റർ ഗാർട്ടനുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആയമാർക്കും ടീച്ചർമാർക്കും കഴിഞ്ഞ ഒരു വർഷക്കാലമായി വരുമാനമില്ലാത്ത അവസ്ഥയാണുള്ളതെന്നും കേരളത്തിലാകെ ഇത്തരത്തിലുള്ള 25 സ്ഥാപനങ്ങളുണ്ടെന്നും അവർക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുമുള്ള ആവശ്യം സമിതിയംഗം ഉന്നയിച്ചു. ആയതിന് കോവിഡ് സാഹചര്യം കാരണം ജോലിയില്ലെന്ന് സൂചിപ്പിച്ച് അപേക്ഷ സമർപ്പിച്ചാൽ അനുവദിക്കാമെന്ന് സമിതി ചെയർമാൻ മറുപടി നൽകി. ഈ ശീർഷകത്തിൽ 18.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-02-277-99—<u>മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ</u>

സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും 9-1-2020-ലെ സ.ഉ. (അച്ചടി) നം. 1/2020/ പജപവവിവ. പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

## കിർത്താഡ്സ്

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) യാത്രാ ചെലവുകൾ-യാത്രാബത്ത

ജോലി സംബന്ധമായ ആവശ്യങ്ങൾക്കായി വകുപ്പ് ഉദ്യോഗസ്ഥർക്ക് സംസ്ഥാനമൊട്ടാകെ യാത്ര ചെയ്യേണ്ടി വരുന്നുണ്ടെന്നും കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലും യാത്രാബത്തയിനത്തിൽ വളരെ ചെറിയ തുക മാത്രമാണ് വകയിരുത്തിയതെന്നും മുൻ വർഷങ്ങളിൽ കുടിശ്ശികയായിട്ടുള്ള യാത്രാബത്ത അനുവദിക്കുന്നതിനും നടപ്പുവർഷത്തെ യാത്രാ ചെലവിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്നും കിർത്താഡ്സ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-05-1—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ-വെള്ളക്കരം

വകുപ്പിന് വെള്ളക്കരം ഇനത്തിൽ ഒരു വർഷത്തേക്ക് 30,000 രൂപ ആവശ്യമുള്ളതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വെള്ളക്കരം ഇനത്തിൽ 72,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 92,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വൈദ്യുതി ചെലവ്

വകുപ്പിന്റെ നവീകരിച്ച പരിശീലന മന്ദിരത്തിൽ എയർകണ്ടീഷനുകൾ സ്ഥാപിക്കുന്നതിനാലും അയ്യങ്കാളി ഭവനിൽ പ്രവർത്തിക്കുന്ന ഫീൽഡ് സ്റ്റേഷനിലെ വൈദ്യുതി ചാർജിനത്തിൽ 57,000 രൂപ കുടിശ്ശികയുള്ളതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 85,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തിരുമാനിക്കുകയും ചെയ്തു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ്ചെലവുകൾ-ടെലിഫോൺ ചെലവ്

വകുപ്പിന് നിലവിലുള്ള മൂന്ന് ടെലിഫോൺ കണക്ഷനുകൾ, ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുകൾ, എന്നിവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

കിർത്താഡ്സിലെ ഓഫീസ് ചെലവുകൾക്കായി നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുകയും കിർത്താഡ്സിന്റെ ക്യാമ്പസ്, കെട്ടിടങ്ങൾ എന്നിവ വൃത്തിയാക്കൽ, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ മറ്റ് അടിയന്തര ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കും ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-06—കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വാടക, കരം, നികുതി

6-3-2019-ലെ 540/2019/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ ഈ വകപ്പിന്റെ വസ്തു നികുതി 1,50,000 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാലും 1-4-2016 മുതൽ 31-3-2021 വരെയുള്ള വർഷങ്ങളിലെ കുടിശ്ശിക തുകയായ 7,83,983 രൂപ അടയ്ക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 9.04 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

സംസ്ഥാനത്തെ പട്ടികവിഭാഗക്കാർക്കായി വിവിധ പരിശീലന ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണ ത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമുള്ള ചെലവുകൾ വഹിക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി

ധനപുനർ വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-45—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) -പി.ഒ.എൽ.</u>

വിവിധ പരിശീലന പരിപാടികൾക്കും ജാതി സംബന്ധമായ കേസുകളുടെ അന്വേഷണത്തിനുമായി വകുപ്പിന്റെ വാഹനങ്ങൾ കേരളത്തിലുടനീളം യാത്രകൾക്കായി ഉപയോഗിച്ചുവരുന്നതിനാൽ ഇന്ധനചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2225-80-001-99-26—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഔദ്യോഗിക ഭാഷാ പ്രയോഗം</u>

ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനും ബഡ്ജറ്റിൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തിരുമാനിച്ചു.

2225-80-001-99-99—<u>കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവരസാങ്കേതിക വിദ്യ</u>

വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തിരുമാനിച്ചു.

യോഗം വൈകുന്നേരം 4.30-ന് അവസാനിച്ചു.

## 23-6-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2021 ജൂൺ മാസം 23-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു ഹാജരായിരുന്നു. ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. ആൻസലൻ, എം. എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
3. ശ്രീ. യു. എ ലത്തീഫ് , എം. എൽ. എ.
4. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.
5. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
6. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ.എ.
7. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u>:

1. ശ്രീ. ടി. കെ. ജോസ് ഐ.എ.എസ്., അഡീഷണൽ സെക്രട്ടറി, ആഭ്യന്തരവും ജലവിഭവും വകുപ്പ്
2. ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്, സെക്രട്ടറി, സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ്
3. ശ്രീമതി എസ്. നിഷ, അഡീഷണല് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
4. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. എം. അനിൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. ആർ. സുഭാഷ്, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. ശ്രീമതി അനുപമ ടി.വി. ഐ.എ.എസ്., ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്
8. ശ്രീമതി ഷീബാ ജോർജ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
9. ഡോ. മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ
10. ശ്രീ. കെ. മൊയ്തീൻകുട്ടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ
11. ശ്രീ. എം. ജി. രഞ്ജിത്ത് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ
12. ശ്രീമതി വി. സി. ബിന്ദു, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ
13. ശ്രീമതി എസ്. സിന്ധു, മെമ്പർ സെക്രട്ടറി, ഓർഫണേജ് കൺട്രോൾ ബോർഡ്
14. ശ്രീ. പി. ടി. എം. സുനീഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജെൻഡർ പാർക്ക്.

സമിതി 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശാധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ആഭ്യന്തര വകുപ്പ്

2235-02-106-98—ദുർഗുണ പരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികൾക്കുള്ള അടിയന്തര ചികിത്സാ ചെലവ്, മരുന്ന്, മറ്റ് ചെലവുകൾ എന്നിവയിലും സ്ഥാപനത്തിലെ വെള്ളക്കരം, വൈദ്യുതി ചാർജ് എന്നിവയിലും ഉണ്ടാകുന്ന വർദ്ധവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ അധികമായി തുക അനുവദിക്കണമെന്ന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ബോർസ്റ്റർ സ്കൂളുകളിൽ എന്തൊക്കെ തൊഴിൽ പരിശീലനമാണ് നൽകുന്നതെന്ന് സമിതി ആരാഞ്ഞതിന് തടവുകാരെ പുതിയ ട്രേഡുകൾ പഠിപ്പിച്ച്, ശിക്ഷാകാലം പൂർത്തിയാകുമ്പോൾ സമൂഹത്തിലിറങ്ങി ഉപജീവനമാർഗ്ഗം കണ്ടെത്താനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇപ്പോൾ കാർപ്പെന്ററി

വർക്കുകളും മറ്റും ചെയ്യുന്നുണ്ടെന്നും നിലവിൽ രണ്ടുതരത്തിലുള്ള പരിശീലനങ്ങളാണ് നൽകുന്നതെന്നും ജയിലുകളിൽ പണ്ടുമുതലേ ചെയ്തുവന്നിരുന്ന പരമ്പരാഗത തൊഴിൽ പരിശീലനവും പോളിടെക്നിക്കുകളുടെയും നൈപുണ്യ വികസനത്തിന് സഹായിക്കുന്ന ഏജൻസികളുടെയും സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഇലക്ട്രോണിക്സ്, മെക്കാനിക്കൽ മേഖലയിലുള്ള ഹ്രസ്വകാല കോഴ്സുകളും നടത്തുന്നുണ്ടെന്നും അഡീഷണല് ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## പൊതുഭരണ വകുപ്പ്

2235-02-190-97(പ്ലാൻ)—<u>കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം</u>

മുന്നാക്ക സമുദായങ്ങളിലെ ഏറ്റവും ജനശ്രദ്ധ നേടിയ പദ്ധതികളായ മംഗല്യ സമുന്നതി, ഭവന സമുന്നതി എന്നീ പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. മംഗല്യ സമുന്നതി പദ്ധതിക്ക് 5 കോടി രൂപയും ഭവനപുനരുദ്ധാരണ പദ്ധതിക്കായി 7.26 കോടി രൂപയും ഉൾപ്പെടെ ആകെ 12.26 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-97 (നോൺ പ്ലാൻ)—<u>കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം</u>

കേരള സംസ്ഥാന മുന്നാക്കസമുദായക്ഷേമ കോർപ്പറേഷനിൽ ശമ്പള പരിഷ്കരണം നിലവിൽ വന്നിരിക്കുന്നതിനാലും 2019 ജനുവരി മുതലുള്ള ഡി.എ. അരിയർ നൽകുന്നതിനും കൂടാതെ പുതിയ ചെയർമാൻ ചാർജെടുക്കേണ്ട സാഹചര്യം സംജാതമായതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-800-81-31—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന</u>

<u>വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം</u>

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷനിലെ അംഗങ്ങൾക്ക് പേ റിവിഷൻ അരിയർ, ഡി.എ. അരിയർ, പുതുക്കിയ ശമ്പളം എന്നിവ നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.023 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-800-81-36—<u>മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളേതരം</u>

കേരള ആക്ട് 2/2016 പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മീഷന്റെ 9-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക സർവ്വേ നടത്തുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കമ്മീഷൻ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ ഇരട്ടി തുക ആവശ്യപ്പെടാനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ അനുവദിച്ചിട്ടുള്ള 40 ലക്ഷം രൂപയിൽ ഏകദേശം 3 ലക്ഷത്തോളം രൂപ ഓഫീസ് കെട്ടിടത്തിന്റെയും വാഹനത്തിന്റെയും വാടകയിനത്തിലാണ് കണക്കാക്കിയിരിക്കുന്നത് എന്നും കഴിഞ്ഞവർഷം സാമൂഹിക സാമ്പത്തിക സർവ്വേയ്ക്ക് വീടൊന്നിന് 40 രൂപയാണ് കുടുംബശ്രീക്ക് നൽകിയതെന്നും ഇപ്പോൾ വീടൊന്നിന് 80 രൂപ നിരക്കിൽ ആവശ്യപ്പെട്ടിരിക്കുകയാണെന്നും കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കമ്മീഷൻ ഫിനാൻസ് ഓഫീസർ മറുപടി നൽകി. ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-107-99-27—<u>സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ- പെൻഷൻ</u>

ഈ വിഭാഗത്തിൽ എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ 171 പേർക്ക് പെൻഷനും നാലായിരത്തിലധികം ആശ്രിതർക്ക് (അവിവാഹിതരായ പെൺകുട്ടികൾ/ വിധവകളായ പെൺകുട്ടികൾ) ഫാമിലി പെൻഷനും ന്ലകുന്നുണ്ടെന് കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ്

ഡയറക്ടർ അറിയിച്ചു. സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷനോടൊപ്പമുള്ള പുതുക്കിയ ക്ഷാമാശ്വാസവും ക്ഷാമാശ്വാസ കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സൈനികക്ഷേമ വകുപ്പ്

2235-60-200-85—<u>സൈനികകേന്ദ്രം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണിക്കും രാജ്യ സൈനിക ബോർഡിന് സഹായം</u>

വകുപ്പിന് വയനാട് തോമാട്ടുച്ചാൽ ഉള്ള സ്ഥലത്തിന്റെ കോമ്പൗണ്ട് വാൾ നിർമ്മിക്കുന്നതിന് 8 ലക്ഷം രൂപയും കൊല്ലം തേവള്ളിയിൽ സൈനിക് റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിന് 3.6255 കോടി രൂപയും ആവശ്യമാണെന്നും നിലവിലെ ബഡ്ജറ്റ് വിഹിതം 50 ലക്ഷം രൂപ മാത്രമാണെന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൊല്ലത്ത് 2007-ൽ വകുപ്പിന് ട്രാൻസ്ഫർ ചെയ്ത് ലഭിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടതിന്റെ കാരണം സമിതി ആരാഞ്ഞു. ഇതിനായി ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും അനുവദിച്ചിട്ടില്ലെന്നും കോട്ടയത്ത് നടന്നുകൊണ്ടിരുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായതിനുശേഷം ഫണ്ട് അനുവദിക്കാമെന്ന് അറിയിച്ചിരുന്നതായും ഇതുമായി ബന്ധപ്പെട്ട് PWD എസ്റ്റിമേറ്റ് തന്നിട്ടുണ്ടെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. ഈ ശീർഷകത്തിൽ 3.1233 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-94 —<u>വിമുക്ത ഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം</u>

എയർഫോഴ്സിലും നേവിയിലും ആർമിയിലും commissioned officer ആകുന്ന കേരളത്തിൽ നിന്നുള്ളവർക്ക് 2 ലക്ഷം രൂപയും നഴ്സിംഗ് ഓഫീസേഴ്സിന് ഒരു ലക്ഷം രൂപയും ധനസഹായം നൽകുന്ന ഒരു പുതിയ പദ്ധതിയാണെന്നും അതിനുവേണ്ടി അധികമായി 10 ലക്ഷം രൂപ കൂടി ആവശ്യമാണെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി, സമിതിയെ അറിയിച്ചു. Commissioned Officers ആകുന്ന ആളുകൾക്ക് ധനസഹായം ന്‌ലേകണ്ടതിന്റെ ആവശ്യകത എന്താണെന്നും വിമുക്തഭടൻമാരുടെ മക്കൾക്ക് മാത്രമാണോ ഈ ധനസഹായം നൽകുന്നതെന്നും സമിതി ആരാഞ്ഞു. കേരളത്തിൽ നിന്നും ഈ പദവിയിലേയ്ക്ക് വരുന്ന കുട്ടികൾ കുറവായിരുന്നുവെന്നും അതുകൊണ്ട് അവർക്ക് പ്രോത്സാഹനം എന്ന നിലയിലാണ് ഈ തുക കൊടുക്കുന്നതെന്നും

വിമുക്തഭടൻമാരുടെ കുട്ടികൾക്ക് ധനസഹായം എന്ന ശിർഷകത്തിലാണ് ഈ പദ്ധതിയും ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. ഈ പദ്ധതിക്കായി പുതിയ ശീർഷകം രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും നിലവിലെ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-71—<u>ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം-ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ്ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുകയായ 12.97 കോടി രൂപയിൽ 7 കോടി 97 ലക്ഷം രൂപ സർക്കാരിൽ നിന്നും നാളിതുവരെയും ലഭിക്കാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും നിർവാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നതായി ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ തുക വകുപ്പിനോട് നേരിട്ട് ആവശ്യപ്പെടാവുന്ന താണെന്നും ഇത്തരത്തിൽ ഡിമാന്റിലൂടെ വാങ്ങേണ്ട ആവശ്യകതയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ ശീർഷകത്തിൽ 7.97 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## സാമൂഹ്യനീതി വകുപ്പ്

2235-02-101-69(10)—<u>വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമുള്ള സംസ്ഥാന സംരംഭം-ഫിസിക്കൽ മെഡിസിന്റെയും റീഹാബിലിറ്റേഷന്റെയും നാഷണല് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സഹായം</u>

കുട്ടികളിലും മുതിർന്നവരിലുമുള്ള വിവിധതരം വൈകല്യങ്ങളെ കണ്ടെത്തി ആവശ്യമായ രീതിയിൽ ഇടപെടുന്നതിന് പരിശീലിപ്പിക്കുന്നതിനും പുനരധിവാസത്തിനും ഗവേഷണത്തിനുമായുള്ള നിപ്മർ എന്ന സ്ഥാപനത്തെ ഭിന്നശേഷി മേഖലയിലെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തേണ്ടുന്ന നടപടികൾ അവസാനഘട്ടത്തിലാണെന്നും. ഇതു പൂർത്തിയാക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്നും അധികതുക അനുവദിക്കണമെന്നും കേരള

സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(02)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം - (ആശ്വാസ കിരണം)

രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം ധനസഹായം അനുവദിക്കുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിലെ ഗുണഭോക്താക്കൾക്കും 2021-22 വർഷം പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും 600 രൂപ നിരക്കിൽ കുടിശ്ശിക തീർത്ത് ധനസഹായം വിതരണം ചെയ്യുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

മുൻ കാലങ്ങളിൽ വൈകല്യമുള്ള കിടപ്പുരോഗികളെ പരിചരിക്കുന്നവർക്കുമാത്രമാണ് ധനസഹായം നൽകിയിരുന്നതെന്നും ഇപ്പോൾ കിടപ്പുരോഗികളെ പരിചരിക്കുന്നവർ എല്ലാപേരും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്നും പദ്ധതി ഘടനയിൽ മാറ്റം വരുത്തിയാൽ ഈ തുക കൂടുതൽ അർഹതപ്പെട്ടവർക്ക് നൽകാൻ കഴിയുമെന്നും പദ്ധതിക്ക് പുതിയ മാനദണ്ഡം കൊണ്ടുവരികയാണെന്നും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിലവിൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നവരെ ഇതിൽ നിന്നും ഒഴിവാക്കിയാൽ അത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും പദ്ധതിയുടെ ഘടനാ വ്യത്യാസങ്ങൾ പുതിയ അപേക്ഷകർക്ക് ബാധകമാകുന്ന രീതിയിൽ നിജപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ ശീർഷകത്തിൽ 144.1254 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72 (07)—കേരള സാമൂഹ്യസുരക്ഷാ പദ്ധതി - വയോമിത്രം

വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസലിംഗ് എന്നിവ നൽകി ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷം മരുന്ന് വാങ്ങിയ വകയിൽ KMSCL-ന് നൽകേണ്ട കുടിശ്ശിക തുകയായ 24 കോടി രൂപ നൽകുന്നതിനും നടപ്പുവർഷത്തെ

ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ പദ്ധതി നല്ല രീതിയിൽ തന്നെ നടപ്പിലാക്കുന്നുണ്ടെങ്കിലും അപൂർവ്വം സ്ഥലങ്ങളിൽ നിന്നും പരാതി ഉയരുന്നുണ്ടെന്നും പ്രവർത്തനമാന്ദ്യം വരാത്ത രീതിയിൽ സമയത്തിന് പ്രാധാന്യം നൽകിക്കൊണ്ടും പരാതി ഉണ്ടാകാത്ത രീതിയിലും നടപ്പിലാക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. ഈ ശീർഷകത്തിൽ 36.1764 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72 (25)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി -സമാശ്വാസം</u>

നാല് വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് സമാശ്വാസം പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ടെന്നും ഡയാലിസിസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, സമിതിയെ അറിയിച്ചു.

ആരോഗ്യ വകുപ്പിനുകീഴിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ഇത് യാത്രാ ചെലവിനത്തിൽ രോഗികൾ നേരിടുന്ന അമിതഭാരം ഒരു പരിധിവരെ കുറയ്ക്കുവാൻ സഹായിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഡയാലിസിസ് യൂണിറ്റുകളുടെ എണ്ണത്തിൽ കുറവുണ്ടെന്നുള്ളത് വാസ്തവമാണെങ്കിലും അതിനേക്കാൾ കൂടുതൽ ചെലവ് വരുന്നത് ഇതിനായുള്ള മരുന്നുകൾ വാങ്ങുന്നതിനാണെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. പെരിട്ടോണിയൽ ഡയാലിസിസിന് ചെലവ് വളരെ കുറവായതിനാൽ ഈ സംവിധാനം പ്രോത്സാഹിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. പെരിട്ടോണിയൽ ഡയാലിസിസ് എല്ലാ രോഗികൾക്കും അനുയോജ്യമല്ലെന്നും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മുൻകാലങ്ങളിൽ ഇതിനായുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളതാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

ട്രൈബൽ വിഭാഗത്തിൽപ്പെടാത്തവർക്ക് സിക്കിൾസെൽ അനീമിയ രോഗമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വയനാട് ജില്ലയിൽ ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ആളുകളിലും ഈ രോഗം ബാധിച്ചവരുണ്ട് എന്നും ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ആളുകളെ പട്ടികവർഗ്ഗ വികസന വകുപ്പിന് ഏറ്റെടുക്കാൻ നിയമപരമായി തടസ്സമുള്ളതുകൊണ്ടാണ് സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്തത് എന്നും എന്നാൽ ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ ഇവിടെനിന്നും സഹായം ലഭിക്കാൻ

കാലതാമസം നേരിടുന്നുണ്ടെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മറുപടി നൽകി.

അരിവാൾ രോഗത്തിന് മരുന്ന് കണ്ടുപിടിക്കുന്നതിന് റിസർച്ച് നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഈ രോഗത്തിന്റെ തുടർ ഗവേഷണത്തിനുവേണ്ടി വയനാട്ടിലൊരു റിസർച്ച് സെന്റർ ആരംഭിക്കുകയാണെന്നും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അതിനുവേണ്ടിയുള്ള തുടക്കമിട്ടതായും ഇപ്പോൾ അത് നടപ്പിലാക്കുന്നതിനുള്ള ചർച്ചകളിലേയ്ക്ക് കടന്നിട്ടുണ്ടെന്നും ഇതിനായി ജീവധാര എന്ന ഒരു പ്രോജക്ടും നിലവിലുണ്ടെന്നും ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. കഴിഞ്ഞ വർഷം ജനറൽ സെക്ടറിൽ അരിവാൾ രോഗികൾക്കുള്ള പെൻഷൻ 9 മാസം മുടങ്ങുകയും രണ്ട് തവണ വളരെ വൈകി ന്ലകിയെന്നും അതിനുശേഷം വളരെ ബുദ്ധിമുട്ടി ഫണ്ട് കണ്ടെത്തി ആനുകൂല്യം നൽകുകയാണ് ചെയ്തതെന്നും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇത്തരം കാര്യങ്ങൾ മുടങ്ങാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 25.2325 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4235-02-102-88—<u>ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെ നിർമ്മാണം</u>

കുട്ടികളിലെ വൈകല്യങ്ങളും വളർച്ചാ മുരടിപ്പും പ്രാംരംഭ പരിശോധനയിൽ തന്നെ കണ്ടെത്താനും ഇടപെടൽ നടത്താനും ഉദ്ദേശിച്ച് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്ററുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മരാമത്ത് പണികൾക്കായി 5 സെന്ററുകൾക്കു കൂടി പണം അനുവദിക്കുവാനുള്ളതിനാൽ അധിക തുക ആവശ്യമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സമിതിക്ക് നൽകിയിട്ടുള്ള കുറിപ്പിൽ മുൻവർഷം ചെലവായ തുക രേഖപ്പെടുത്താത്തതിന്റെ കാരണം സമിതി ആരാഞ്ഞു.

ഇത് സാമൂഹ്യനീതി വകുപ്പിന്റെ പ്രോജക്ടാണെങ്കിലും പി.ഡബ്ല്യു.ഡി. ആണ് പ്രവൃത്തി ചെയ്യുന്നത് എന്നും ക്യാപിറ്റൽ ഹെഡ്ഡായതുകൊണ്ട് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറാണ് ഇത് കൈകാര്യം ചെയ്യുന്നതെന്നും. വിവിധ പദ്ധതികൾക്കുവേണ്ടി ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിൽ ഫണ്ട് ലഭ്യമാകുമ്പോൾ നിർമ്മാണം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.ഡബ്ല്യു.ഡി.-ക്ക് കത്ത് നൽകുകയാണ് ചെയ്യുന്നതെന്നും. ചെലവ് രേഖപ്പെടുത്തുന്നത് പി.ഡബ്ല്യു.ഡി. ആണെന്നും ഡിപ്പാർട്ടുമെന്റ് ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്താൻ സാധിക്കില്ലെന്നും രണ്ട് സ്ഥലത്ത് ചെലവ് രേഖപ്പെടുത്താൻ

കഴിയാത്തതിനാൽ അനുവദിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച കൃത്യമായ കണക്ക് കൈവശമില്ലെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കൃത്യമായ രേഖകളില്ലാതെയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സബ്ജക്ട് കമ്മിറ്റി മുമ്പാകെ ഹാജരായിരിക്കുന്നതെന്നും. കോടി കണക്കിന് രൂപ പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറാനുള്ള ഒരു ഏജൻസിയായി മാത്രം ഡിപ്പാർട്ടുമെന്റ് മാറുന്നത് ശരിയല്ലെന്നും കൈമാറുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച് കൃത്യമായ കണക്ക് സൂക്ഷിക്കുന്നതിന് നടപടിയുണ്ടാകേണ്ടതാവശ്യമാണെന്നും സമിതി നിർദ്ദേശിക്കുകയും ഈ ശീർഷകത്തിൽ 6.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-101-55—<u>അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതി</u>

ഉയർന്ന പിന്തുണ ആവശ്യമായ ഭിന്നശേഷിക്കാരുടെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുവാൻ സംസ്ഥാന സർക്കാർ പുതുതായി ആവിഷ്കരിച്ച പദ്ധതിയായ അനാമയം സമഗ്ര ഇൻഷ്വറൻസ് പദ്ധതിക്ക് വിപുലമായ പ്രവർത്തന മേഖലയാണുള്ളതെന്നും ടി പദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായി ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ അധിക തുക അനുവദിക്കണമെന്നും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-89-(31)—<u>അനാഥാലയ നിയന്ത്രണ ബോർഡ്-സഹായധനം-ശമ്പളം</u>

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും, കൗൺസലർമാർക്ക് ഓണറേറിയം എന്നിവ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്നും അധിക തുക അനുവദിക്കണമെന്നും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചുമതലകളെപ്പറ്റി സമിതി ആരാഞ്ഞു.

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ 1912 ഹോമുകളുണ്ടെന്നും ഓരോ അംഗങ്ങൾക്കും ഓരോ ജില്ല അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ഓരോ ജില്ലകളുടെയും മേൽനോട്ടം വഹിക്കുന്നത് പ്രസ്തുത ബോർഡാണെന്നും ഇതിന്റെ റിന്യൂവൽ സർട്ടിഫിക്കറ്റ് പോലുള്ള കാര്യങ്ങളും ഇവരാണ് കൈകാര്യം ചെയ്യുന്നതെന്നും

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ വിശദമാക്കി. ഈ ശീർഷകത്തിൽ 1.38957 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-101-89—വികലാംഗരുടെ ക്ഷേമം-വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് ഗ്രാൻറ് നൽകുന്നതിനായി മുൻ സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് മുനിസിപ്പാലിറ്റി ശീർഷകങ്ങളിൽ ലഭിച്ച തുക അപര്യാപ്തമായിരുന്നതിനാലും മുൻ സാമ്പത്തിക വർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾക്കുള്ള തുക നടപ്പു സാമ്പത്തിക വർഷത്തെ ഗ്രാന്റിൽ നിന്നും നൽകേണ്ടിവന്നതിനാലും ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കണമെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു.

2021 ജനുവരി മാസം വരെ ചെലവഴിച്ച കണക്കുകളാണ് കുറിപ്പിൽ പരാമർശിച്ചിരിക്കുന്നത് എന്ന് നിരീക്ഷിച്ച സമിതി സാമ്പത്തിക വർഷം അവസാനിക്കുന്നതുവരെയുള്ള കണക്കുകൾ ലഭ്യമാക്കുന്നതിന് സമിതി യോഗങ്ങളിൽ ഹാജരാകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു. ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി ശീർഷകങ്ങളിൽ സാമൂഹ്യനീതി വകുപ്പിന് തുക ലഭിച്ചതെങ്ങനെയാണെന്നും സമിതി ആരാഞ്ഞു. ശീർഷകം മുൻസിപ്പാലിറ്റി കോർപ്പറേഷന്റെയാണെങ്കിലും ഗ്രാന്റ് ലഭിക്കുന്നത് സാമൂഹ്യനീതി വകുപ്പിനാണെന്നും പദ്ധതി നിർവ്വഹണം നടത്തുന്നത് ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ മാരാണെന്നും ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 1.5428656 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

2235-02-104-98-(36)—വൃദ്ധൻമാരുടെയും ക്ഷീണിതരുടെയും അഗതികളുടെയും സഹായധനം-ശമ്പളേതരം

മുനിസിപ്പാലിറ്റി ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷത്തെ ഗ്രാന്റ് കുടിശ്ശികയുള്ളതിനാൽ ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കണമെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചു.

മുനിസിപ്പൽ ശീർഷകമെന്ന് പറയുന്നതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്

ബഡ്ജറ്റിനോടൊപ്പമുള്ള annexture 4-ൽ ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിങ്ങനെ വേർതിരിച്ച് മൂന്ന് ശീർഷകങ്ങളുണ്ടെന്നും. അതുകൊണ്ടാണ് അനുവദിക്കുന്ന തുക പ്രത്യേകമായി കാണിച്ചിരിക്കുന്നതെന്നും ജില്ലാ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും കോർപ്പറേഷന്റെയും ഹെഡിലാണ് ഈ തുക അനുവദിക്കുന്നതെങ്കിലും പദ്ധതി നിർവ്വഹണം നടത്തുന്നത് ഡയറക്ടറുടെ കീഴിലുള്ള ജില്ലാ ഓഫീസർമാരാണെന്നും. പ്രസ്തുത ഹെഡുകളിൽ മാത്രമേ തുക അനുവദിക്കാൻ സാധിക്കുകയുള്ളുവെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് പരിധിയിൽ എന്നോ കോർപ്പറേഷൻ പരിധിയിൽ എന്നോ പറഞ്ഞാൽ ഇക്കാര്യത്തിൽ വ്യക്തയുണ്ടാവുമെന്ന് സമിതി അഭിപ്രായപ്പെടുകയും നിലവിൽ തുടരുന്ന രീതി ശരിയാണോ എന്ന് പരിശോധിക്കണമെന്നും നിർദ്ദേശിച്ചു. ഈ ശീർഷകത്തിൽ 3.88385 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-107-98-(36)—<u>സന്നദ്ധ സംഘടനകൾക്കുള്ള സഹായം- സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം</u>

2019-20 സാമ്പത്തിക വർഷം ട്രഷറി ക്യൂ സിസ്റ്റത്തിൽപ്പെട്ട ബില്ലുകൾ മാറിനൽകാൻ സാധിക്കാത്തതിനാലും ടി തുക 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും നൽകേണ്ടിവന്നതിനാലും നടപ്പു സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്ക് ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് മുനിസിപ്പാലിറ്റി ശീർഷകത്തിൽ ഫണ്ട് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.6164951 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-800-98—<u>മിശ്രവിവാഹങ്ങൾ</u>

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2014 മുതൽ 2019 വരെ ലഭിച്ച 2979 പെൻഡിംഗ് അപേക്ഷകൾക്ക് 30,000 രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 8.937 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-02-101-85—<u>ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട്</u>

നിഷിന്റെ വികസനത്തിന് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായി ഉദ്ദേശം 2 ലക്ഷം സ്ക്വയർഫീറ്റുള്ള കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളോടും കൂടിയ അക്കാഡമിക്/ക്ലിനിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ ചെലവിനായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.21 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-190-98—<u>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ</u>

കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്ക് 150 ലക്ഷത്തോളം രൂപ ആവശ്യമായി വരുമെന്നും കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## വനിതാ ശിശുവികസന വകുപ്പ്

2235-02-102-62—<u>കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം</u>

വകുപ്പിന്റെ കീഴിൽ 1012 കൗൺസലർമാർ വിവിധ സ്കൂളുകളിലായി ജോലി ചെയ്യുന്നുണ്ടെന്നും സ്കൂളുകളിൽ കൗമാരക്കാരായ വിദ്യാർത്ഥിനികൾക്ക് കൗൺസലിംഗും മാർഗ്ഗനിർദ്ദേശവും ന്‌ല്കുന്നതിന് നിയോഗിച്ചിട്ടുള്ള ഈ സൈക്കോ സോഷ്യൽ കൗൺസിലർമ്മാർക്ക് വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം നൽകുന്നതിനും മറ്റ് പ്രതീക്ഷിത ചെലവുകൾക്കും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കണമെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കണമെന്ന് സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 2.8842 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2235-02-102-47—<u>ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള എകീകൃത സേവനം (60% കേന്ദ്രസഹായം)</u>

വനിതാ ശിശുവികസന വകുപ്പിനു കീഴിലെ 174 ഐ.സി.ഡി.എസുകളിലേയും 3 പ്രോഗ്രാം ഓഫീസുകളിലെയും ഡയറക്ടറേറ്റിലെയും കരാർ വാഹനങ്ങൾക്ക് വാടക നൽകുന്നതിന് ടി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലായെന്നും കരാർ

വാഹനങ്ങളുടെ വാടക നൽകുന്നതിനും സർക്കാർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കണമെന്നും വനിതാശിശു വികസന വകുപ്പ് ഡയക്ടർ സമിതി മുമ്പാകെ അറിയിച്ചു.

അങ്കണവാടികളിൽ നിന്നും കുട്ടികൾക്ക് കൊടുക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഇതിനായി ഒരു quality assurance wing-നെ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരാതി വരുമ്പോൾ അവർ പോയി പരിശോധിക്കാറുണ്ടെന്നും. ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഇടയ്ക്കിടയ്ക്ക് പരിശോധന നടത്താറുണ്ട് എന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് സെക്രട്ടറി മറുപടി നൽകി.

അങ്കണവാടി ജീവനക്കാരുടെ ഉയർന്ന പ്രായപരിധി 65 വയസ്സ് ആക്കണമെന്നതുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 62 വയസ്സായ ആൾക്കാൾ വിരമിക്കുമ്പോൾ പകരം ആളെ എടുക്കാനുള്ള സെലക്ഷൻ കമ്മിറ്റിയുടെ ലിസ്റ്റ് നിലവിലില്ലെങ്കിൽ ഇവരെ ദിവസവേതനത്തിൽ തുടരാൻ അനുവദിക്കാം എന്നാണ് കോടതി വിധിയെന്നും എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പിൽ സെലക്ഷൻ കമ്മിറ്റി ലിസ്റ്റ് ഉള്ളതുകൊണ്ട് അവരെ തുടരാൻ അനുവദിച്ചില്ല എന്നും പുതിയ റിക്രൂട്ട്മെന്റ് നടത്തുകയാണ് ചെയ്തതെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

അങ്കണവാടി ജീവനക്കാരുടെ പെൻഷൻ 2000 രൂപയിൽ നിന്നും 2500 രൂപയായി സർക്കാർ വർദ്ധിപ്പിച്ചുവെങ്കിലും പെൻഷൻ നൽകേണ്ടത് ക്ഷേമനിധി ബോർഡാണെന്നും ടി സ്ഥാപനത്തിന് ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ പെൻഷൻ തുക കൊടുക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെടുകയും അതിനുവേണ്ടി പ്രത്യേക ഫണ്ട് കണ്ടെത്തേണ്ടതുണ്ടെന്നും ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. അതിനുവേണ്ട നടപടി സ്വീകരിക്കാമെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഈ ശീർഷകത്തിൽ 4.326 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2235-02-103-80 —<u>ജെൻഡർ പാർക്ക്</u>

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് അലോക്കേഷനിൽ ഇന്റർനാഷണൽ വുമൺ ടെക്ക് സെന്റർ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ഒരു കോടി രൂപ ടോക്കൺ വകയിരുത്തുകയും അഡീഷണൽ ആതറൈസേഷനായി 24 കോടി രൂപ കൂടി അനുവദിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിഡ് സാഹചര്യത്തിൽ

നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാതിരുന്നതുകൊണ്ട് പണം ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്യേണ്ടിവന്നുവെന്നും 2021 ഫെബ്രുവരി മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിപണനകേന്ദ്രത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചുവെന്നും ആയതിനാൽ കഴിഞ്ഞ വർഷം സറണ്ടർ ചെയ്ത തുക കൂടി ഈ വർഷം അധികമായി അനുവദിക്കണമെന്നും ജെന്റർ പാർക്ക് ചിഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഇതിന്റെ പ്രവർത്തനമേഖലയെക്കുറിച്ചും ഇത്രയധികം പണം ചെലവഴിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രയോജനങ്ങളെക്കുറിച്ചും സമിതി ആരാഞ്ഞു.

വുമൺ സ്റ്റാർട്ടപ് ആന്റ് ഇൻക്യൂബേഷൻ സെന്റർ, സ്ത്രീകൾക്കുമാത്രമായി ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് റെന്റൽ/ലീസ് സ്പെയ്സ്, പെർഫോമൻസ് ആർട്സ് ആന്റ് കൾച്ചർ സെന്റർ, സസ്റ്റെയിനബിൾ ഡെവലപ്പ്മെന്റ് സ്പേയ്സ്, എസ്.ഡി.ജി.-യെ ഫോക്കസ് ചെയ്തിട്ടുള്ള ഷോപ്പ്കെയിസിംഗ് അണ്ടർസ്റ്റാന്റിംഗ് സ്പേയ്സ്, എസ്സെൻഷ്യൽ സ്കിൽ സ്പെയ്സ്, വുമൺസ് ഹെൽത്ത് ആന്റ് വെൽനസ് സപ്പോർട്ട് സെന്റർ, സ്ത്രീകൾക്കുവേണ്ടി മാത്രമായി നല്ല രീതിയിൽ താമസിക്കാൻ കഴിയുന്ന റെസിഡൻഷ്യൽ സ്യൂട്ട്സ്, ഫാമിലി ജനറേഷൻ സൊല്യൂഷൻ തുടങ്ങിയ പത്ത് ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ടെന്നും ഇത് സ്ത്രീകൾക്ക് സുരക്ഷിതമായി സംരംഭം തുടങ്ങുന്നതിനും വ്യാപിപ്പിക്കുന്നതിനും ആഗോളമായി വിറ്റഴിക്കുന്നതിനും പശ്ചാത്തലം സൃഷ്ടിക്കുമെന്നും ജെൻഡർ പാർക്ക് വളരെ അടുത്തകാലത്തായി യു.എൻ. വുമണുമായി ടൈ അപ് ചെയ്തിട്ടുണ്ടെന്നും, ജെൻഡർ പാർക്കിനെ സൗത്ത് ഏഷ്യൻ ഹബ്ബാക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്നും ജെൻഡർ പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമിതി മുമ്പാകെ വിശദീകരിച്ചു.

വളരെയേറെ സാമ്പത്തിക ബാധ്യത വരുന്ന പദ്ധതിയായതിനാൽ ചെലവാക്കുന്നതിന്റെ ഗുണം ആ വിഭാഗത്തിൽ എത്ര പേർക്ക് കിട്ടുന്നുണ്ടെന്നുകൂടി പരിശോധിക്കണമെന്നും ഇതിന്റെ ഭൗതിക നേട്ടങ്ങൾ സംബന്ധിച്ച് പഠനം നടത്തേണ്ടതുണ്ടെന്നും ആയത് സംബന്ധിച്ച വിവരങ്ങളും പദ്ധതി സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഈ ശീർഷകത്തിൽ 24.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-68 (01)— <u>വനിതാവികസന പദ്ധതി-നിർഭയ പദ്ധതികൾ</u>

വിധവകൾ, അവിവാഹിതർ/വിവാഹമോചനം നേടിയവർ, ഒറ്റയ്ക്ക് താമസിക്കുന്നവർ, പാർശ്വവൽക്കരിക്കപ്പെട്ട വനിതകൾ, ദുഷ്കരമായ സാഹചര്യങ്ങളിൽ വസിക്കുന്ന സ്ത്രീകൾ എന്നിവരുടെ പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിനും പദവിപഠനം, സാഹചര്യവിശകലനം സർവ്വേകൾ/പഠനങ്ങൾ എന്നിവ നടത്തുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ അധിക തുക അനുവദിക്കണമെന്ന് വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

വനിതകളെയും കുട്ടികളെയും തട്ടിക്കൊണ്ടുപോകുന്നത് പ്രതിരോധിക്കാനായി വിവരം അറിയിക്കുന്നവർക്ക് ഇൻസെന്റീവ് കൊടുക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു. പോലീസിനാണ് ഇത്തരം അറിയിപ്പുകൾ പ്രധാനമായും കിട്ടുന്നതെന്നും. അവർ സീക്രട്ട് ഫണ്ടുപയോഗിച്ച് കൊടുക്കുന്നതുകൊണ്ട് വനിതകളെയും കുട്ടികളെയും തട്ടിക്കൊണ്ടു പോകുന്നത് സംബന്ധിച്ച കേസുകൾ സാമൂഹ്യനീതി വകുപ്പിൽ വരുന്നില്ല എന്നും ശൈശവ വിവാഹവും കുട്ടികളുടെ ബാലവേലയും പ്രതിരോധിക്കാനായി വിവരം നൽകിയവർക്ക് ഇൻസെന്റീവ് കൊടുത്തു തുടങ്ങിയിട്ടുണ്ട് എന്നും സാമൂഹ്യനീതിയും വനിതാശിശുവികസന വകുപ്പ് സെക്രട്ടറി മറുപടി നൽകി. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർക്ക് രഹസ്യമായി ഇൻസെന്റീവ് നൽകുന്നത് ഈ കാലഘട്ടത്തിൽ നല്ലതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് ഒരു ഗൈഡ്‌ലൈൻ രൂപീകരിച്ച് വിവരം നൽകുന്നവരുടെ പേര് ഒരിക്കലും പ്രൊസീഡിംഗ്സിൽ പോലും വരാത്ത രീതിയിലുള്ള മെക്കാനിസം ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുണ്ടെന്ന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-106-91—<u>വിവിധ ശിശുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള ജുവനൈൽ ജസ്റ്റിസ് ഫണ്ട്</u>

മാതാപിതാക്കൾ ഇല്ലാത്ത കുട്ടികൾക്ക് അടിയന്തരമായി ചികിത്സാച്ചെലവ് വരുന്ന സമയത്ത് പെട്ടെന്നൊരു സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കാത്ത കേസുകളിൽ മാത്രം ഉപയോഗിക്കുന്നതാണ് ബാലനിധി ഫണ്ടെന്നും 2020-21 സാമ്പത്തിക വർഷം ബാലനിധി ഫണ്ട് ഇനത്തിൽ 13 ലക്ഷത്തോളം രൂപ വിനിയോഗിച്ചതായും അതിനാൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നും വനിതാശിശുവികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സംസ്ഥാനത്ത് കോവിഡ് 19 മഹാമാരി മൂലം കുട്ടികൾക്ക് മാതാപിതാക്കളെ

നഷ്ടപ്പെടുകയും അനാഥരാവുകയും ചെയ്യുന്ന സാഹചര്യം സംജാതമായിരിക്കുന്നതിനാൽ ടി ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72(01)—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-കാൻസർ ബാധിതരായ കുട്ടികൾക്കുവേണ്ടിയുള്ള സുരക്ഷാ പദ്ധതി

18 വയസ്സിന് താഴെയുള്ള കാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം 7408 ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സ നൽകിവരുന്നുണ്ടെന്നും പ്രതിവർഷം ആർ.സി.സി.യിൽ എത്തുന്ന 35000-ത്തോളം കാൻസർ രോഗികളിൽ 20 ശതമാനത്തോളവും കുട്ടികളാണെന്നും ഇവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കാണ് പദ്ധതിയിലൂടെ സഹായം നൽകുന്നതെന്നും. ഈ പദ്ധതി പ്രകാരം എം പാനല് ചെയ്തിട്ടുള്ള ആശുപത്രികൾക്ക് മുൻ വർഷത്തെ കുടിശ്ശിക നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കുട്ടികളുടെ കാൻസർ ചികിത്സയ്ക്കായി പ്രത്യേക സ്കീം നിലവിലുണ്ടല്ലോ എന്ന് സമിതി ആരാഞ്ഞതിന് കാൻസർ സുരക്ഷാ സ്കീമിലൂടെയാണ് ഇതിനായി സഹായം നൽകിയിരുന്നതെന്നും ആരോഗ്യ ചികിത്സാ പദ്ധതികളെല്ലാം ഒറ്റ ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന സ്റ്റേറ്റ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി 2020 ജൂണിൽ തീരുമാനമെടുത്തതിന്റെയടിസ്ഥാനത്തിൽ ഇവയെല്ലാം കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിലേക്ക് (കാസ്പ്) ഉൾപ്പെടുത്തുകയുണ്ടായെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

പ്രസ്തുത സ്കീം പ്രകാരം സഹായധനം അനുവദിക്കുന്നതിന് പരിമിതിയുണ്ടോയെന്ന് സമിതി ആരാഞ്ഞു.

എൻ.എച്ച്.എം-ന്റെ കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ നേതൃത്വത്തിൽ ധനകാര്യവകുപ്പും സാമൂഹ്യക്ഷേമവകുപ്പുമായി ചർച്ച നടത്തുകയും രോഗബാധിതരായ ഒരു കുട്ടിക്കുപോലും ചികിത്സ നിഷേധിക്കുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്ന് തീരുമാനിക്കുകയും ഇതിനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തുവെന്നും ആദ്യഘട്ടത്തിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കീഴിൽ കാസ്പിന്റെ നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് നൽകാവുന്ന സഹായം പൂർണ്ണമായി ചെയ്തുകൊടുക്കുന്ന തോടൊപ്പം അതിലുപരിയായി വരുന്ന ചെലവുകൾ കാൻസർ സുരക്ഷാ സ്കീമിലൂടെ നൽകുകയാണ് ചെയ്യുന്നതെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതി മുമ്പാകെ വിശദീകരിച്ചു.

ഈ പദ്ധതി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞു.

കാസ്പിന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് കാൻസർ സുരക്ഷ സ്കീമിലൂടെ ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുമെന്നും ഇങ്ങനെയൊരു സംവിധാനം കൊണ്ടുവരുമ്പോൾ രോഗികൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ലാതെ തുടർച്ചയായി ആനുകൂല്യം ലഭ്യമാകുമെന്നും വ്യാപന സാധ്യതയുള്ള ക്യാൻസർ രോഗങ്ങൾ തടയുന്നതിനായി ആരോഗ്യവകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഡയറക്ടർ വിശദീകരിച്ചു. ഈ ശീർഷകത്തിൽ 23 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(03)—<u>കേരള സാമൂഹ്യസുരക്ഷാ പദ്ധതി അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)</u>

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹസ്പർശം പദ്ധതിയിലൂടെ പ്രതിമാസം 2,000 രൂപ ധനസഹായം നൽകിവരുന്നുണ്ടെന്നും ചൂഷണത്തിനിരയായ അവിവാഹിതരായ അമ്മമാർക്ക് സഹായം നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത പദ്ധതി ആരംഭിച്ചതെങ്കിലും പിന്നീട് ഇതിന്റെ മാനദണ്ഡങ്ങളിൽ കുറച്ചുകൂടി അയവ് വരുത്തിയപ്പോൾ ടി പദ്ധതിയുടെ അനുകൂല്യം ലഭിക്കുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായെന്നും നിലവിലുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശികയും പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായവും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

ട്രൈബൽ വിഭാഗക്കാരായ സ്ത്രീകൾക്കിടയിൽ മാനസികമായി വെല്ലുവിളി നേരിടുന്നവരെ ചൂഷണത്തിന് വിധേയമാക്കാറുണ്ടെന്നും അത്തരം കേസുകളിൽ ഒന്നിലധികം മക്കൾക്ക് സാദ്ധ്യതയുണ്ടെന്നും അത്തരത്തിൽ ചൂഷണത്തിനിര യാകുന്നവർക്ക് ആനുകൂല്യം നിഷേധിക്കപ്പെടാൻ ഇടയാകരുതെന്നും വനിതാശിശുക്ഷേമവും അരോഗ്യവും വകുപ്പുമന്ത്രി അഭിപ്രായപ്പെട്ടു.

ട്രൈബൽ വിഭാഗങ്ങൾക്കിടയിലാണ് അവിവാഹിതരായ അമ്മമാർ ഏറ്റവും കൂടുതലുള്ളതെന്നും അവിവാഹിതരായ അമ്മമാരായിക്കഴിഞ്ഞാൽ അവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഈയൊരു സാഹചര്യം ഇല്ലാതാക്കാനുള്ള സമഗ്രമായ ഇടപെടൽ നടത്തുകയാണ് വേണ്ടതെന്നും 1996-ൽ ഇതിനുള്ള നടപടി ആരംഭിച്ചപ്പോൾ വയനാട്ടിലെയും അട്ടപ്പാടിയിലെയും അവിവാഹിതരായ അമ്മമാരുടെ എണ്ണം കുറഞ്ഞുവന്നിരുന്നുവെന്നും സമിതി നിരിക്ഷിച്ചു. ഡി.എൻ.എ. പരിശോധനാ സംവിധാനം ആരംഭിച്ചതിലൂടെ അവിവാഹിതരായ അമ്മമാരുടെ എണ്ണം കുറയാൻ തുടങ്ങിയെന്നും

അവിവാഹിതരായ അമ്മമാരെയോ അവരുടെ കുട്ടികളെയോ പൊതുസമൂഹത്തിൽ ഐഡന്റിഫൈ ചെയ്യാത്ത രീതിയിൽ അവരെ സഹായിക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു. ട്രൈബൽ വിഭാഗങ്ങൾക്കിടയിൽ ഇതുസംബന്ധിച്ച് പൊതുവായൊരു ബോധവത്കരണം നടത്തുന്നതോടൊപ്പം ചൂഷണത്തിന് കാരണക്കാരായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനും ശിക്ഷിക്കാനും കഴിയണമെന്നും സമിതി അഭിപ്രായപ്പെടുകയും ഈ ശീർഷകത്തിൽ 9.6832 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2235-60-200-72(05)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-താലോലം പദ്ധതി</u>

ജന്മനായുള്ള ഹൃദയവൈകല്യങ്ങൾ, ജനിതക രോഗങ്ങൾ മറ്റ് ഗുരുതര രോഗങ്ങൾ എന്നിവയാൽ കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന താലോലം പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി SCTIMST-ന് 4 കോടി രൂപ അനുവദിക്കേണ്ടതുള്ളതിനാലും നടപ്പുസാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പുവഴി നടപ്പിലാക്കിവരുന്ന വി കെയർ പദ്ധതിയെപ്പറ്റി സമിതി ആരാഞ്ഞു.

വി-കെയർ-ന്റെ മാനദണ്ഡങ്ങളിൽ ഈ പ്രോജക്ടിനായി ബഡ്ജറ്റിതര മാർഗ്ഗങ്ങളിലൂടെ ഫണ്ട് കണ്ടെത്താനുള്ള അനുമതിയാണ് നൽകിയിരിക്കുന്നതെന്നും. ബഡ്ജറ്റിലൂടെ അതിന്റെ ഭരണ ചെലവുകൾക്കും ക്യാമ്പയിനുമുള്ള തുക മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും സ്പോൺസർമാർ മുഖേനയാണ് ഫണ്ട് സ്വരൂപിക്കുന്നതെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്പോൺസർമാർ മുഖേന സമാഹരിക്കുന്ന ഫണ്ട് ഗുണഭോക്താക്കൾക്ക് നൽകുമ്പോൾ അതിനൊരു പരിധി വയ്ക്കാതിരുന്നാൽ അർഹരായ മുഴുവൻ പേർക്കും സഹായം നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ടാകുമെന്നും വി കെയർ-ന്റെ മാനദണ്ഡങ്ങളും സീലിംഗുമൊക്കെ പുനർനിർണ്ണയിക്കേണ്ടതാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

നേരത്തെ ടി പദ്ധതിക്ക് സീലിംഗ് ഉണ്ടായിരുന്നില്ലെന്നും എന്നാൽ ഇപ്പോൾ 15 ലക്ഷം രൂപ നൽകാമെന്നൊരു പരിധിയും അത് വളരെ അപൂർവ്വമായ രോഗങ്ങൾക്കുമാത്രം അനുവദിക്കാമെന്നൊരു നിബന്ധനയും വച്ചിട്ടുണ്ടെന്നും ജീവൻ

രക്ഷിക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലെങ്കിൽ മാത്രം 15 ലക്ഷമോ അതിനുമുകളിലോ തുക നൽകാനുള്ളൊരു വ്യവസ്ഥയാണ് ഇപ്പോഴുള്ളതെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഫലപ്രദമായൊരു പദ്ധതിയെന്ന നിലയ്ക്ക് താലോലം പദ്ധതിക്കായി 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72-(11)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം</u>

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2018-19 സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശികയും പുതിയ അപേക്ഷകർക്കുള്ള സഹായവും നൽകുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്ന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

സ്കൂളുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കിയാൽ ഓരോ വാർഡിലും അനാഥമാക്കപ്പെടുന്ന കുട്ടികളെ പെട്ടെന്ന് തിരിച്ചറിഞ്ഞ്, അവരെ കൂടുതൽ ശ്രദ്ധിക്കുന്നതിന് സാധിക്കുമെന്നും സാമൂഹ്യനീതി വകുപ്പിന്റെ മേൽനോട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്കീമായി ഇതുകൊണ്ടുവന്നാൽ ഉചിതമായിരിക്കുമെന്നും തദ്ദേശഭരണസ്ഥാപനവും വകുപ്പും സംയുക്തമായി നടത്തുകയാണെങ്കിൽ ഫലപ്രദമായി ഇടപെടുന്നതിനും അവരുടെ ഗ്രാന്റ്-ഇൻ-എയ്ഡ്-ൽനിന്നും തുക നീക്കിവയ്ക്കുന്നതിനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യം പരിശോധിക്കാമെന്ന് വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഈ ശീർഷകത്തിൽ 50.9447 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72-21—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി (മിഠായി)</u>

ടൈപ്പ് 1 ഡയബറ്റീസുള്ള കുട്ടികൾക്ക് ഇൻസുലീനും പമ്പും തുടർച്ചയായ ഗ്ലൂക്കോസ് മോണിറ്ററിംഗും നൽകുന്ന പദ്ധതിയാണിതെന്നും ഇത്തരം കുട്ടികളുടെ ചെറുപ്പം മുതലുള്ള ആരോഗ്യസംരക്ഷണവും പുനരധിവാസവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്നും. സംസ്ഥാനത്ത് ടൈപ്പ് 1 ഡയബറ്റീസ് ബാധിച്ച 900 കുട്ടികൾക്കാണ് ഇൻസുലീൻ കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ 200 പേർക്കുകൂടി അധികമായി കൊടുക്കാനുണ്ടെന്നും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കുട്ടികകളിലെ ടൈപ്പ് 1 ഡയബറ്റീസ് ചികിത്സാ രീതി സംബന്ധിച്ച് സമിതി ആരാഞ്ഞു.

ടൈപ്പ് 1 ഡയബറ്റീസ് ചികിത്സിച്ച് ഭേദമാക്കുന്നതിന് കഴിയില്ലെന്നും തുടർച്ചയായി ഇൻസുലീൻ നൽകുന്നതിലൂടെയോ പമ്പ് വച്ചോ ബുദ്ധിമുട്ടില്ലാതെ നിയന്ത്രിച്ച് കൊണ്ടുപോകുന്നതിനുമാത്രമേ സാധിക്കുകയുള്ളുവെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വ്യക്തമാക്കി. ജുവനൈൽ ഡയബറ്റിസിന്റെ ആദ്യലക്ഷണങ്ങൾ

ജുവനൈൽ ഡയബറ്റിസാണെന്ന് സംശയിക്കേണ്ട സാഹചര്യം, നൽകേണ്ട ചികിത്സ എന്നിവ സംബന്ധിച്ച് സർവ്വീസിലുള്ള നിരവധി ഡോക്ടർമാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും പതിനാല് ജില്ലകളിലും ആരംഭിച്ചിട്ടുള്ള നോഡൽ സെന്ററുകളിലേയ്ക്കും അഞ്ച് മെഡിക്കൽ കോളേജുകളിലുള്ള മിഠായി സെന്ററുകളിലേയ്ക്കും ഇത്തരം കുട്ടികളെ റഫർ ചെയ്യുകയാണ് ചെയ്യുന്നതെന്നും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ വിശദീകരിച്ചു.

സാധാരണഗതിയിൽ ഒരു ദിവസം ഒരു കുട്ടിക്ക് ആറ് പ്രാവശ്യമെങ്കിലും രക്ത പരിശോധന നടത്തേണ്ടിവരുമെന്നും അതിനുപകരം Continuous Glucose Meter എന്ന മെഷീൻ സ്ഥാപിച്ച് അതിലൂടെ കുട്ടിയുടെ ശരീരത്തിലെ ഗ്ലൂക്കോസിന്റെ അളവ് അറിയുകയാണ് ചെയ്യുന്നതെന്നും 15 ദിവസം ഇത് നിരീക്ഷിച്ച് ഇത്തരം കുട്ടികൾക്കുള്ള ചികിത്സാപട്ടിക തയ്യാറാക്കാൻ കഴിയുമെന്നും ഇത്തരത്തിലുള്ള 1200 കുട്ടികളുടെ റിപ്പോർട്ട് ആരോഗ്യ വകുപ്പിന്റെ കൈവശമുണ്ടെന്നും ഏത് കുട്ടിക്കാണ് രാത്രി സമയത്ത് ഗ്ലൂക്കോസ് ലെവൽ താഴുന്നതെന്ന് മെഷീനിൽ നിന്ന് ബിപ്പ് ശബ്ദം വരുന്നതുവഴി അറിയാൻ സാധിക്കുമെന്നും ഒരു സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഇതിന്റെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 2.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4235-02-102-85—<u>സ്മാർട്ട് അങ്കണവാടികളുടെ നിർമ്മാണം</u>

2020-21 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് അങ്കണവാടി നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 1000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടി ശീർഷകവും തുകയും അനുവദിച്ചിട്ടില്ലെന്നും നിലവിൽ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ആയിരം രൂപ ടോക്കൺ അഡ്വാൻസായി വകയിരുത്തണമെന്നും വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

മുൻവർഷം വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു.

50 പഞ്ചായത്തുകൾക്ക് ഈ വർഷം തുക നൽകിയിട്ടുണ്ടെന്നും കൂടുതൽ പഞ്ചായത്തുകൾക്ക് ഇനിയും തുക ആവശ്യമായി വരുന്നുണ്ടെന്നും ഇപ്പോൾ ടോക്കൺ അഡ്വാൻസായി വച്ചാൽ എസ്.ഡി.ജി. വഴി ബാക്കിയുള്ള പഞ്ചായത്തുകൾക്ക് കൂടി കൊടുക്കാൻ കഴിയുമെന്നും 79 അങ്കണവാടികൾക്ക് ജനുവരി-ഫെബ്രുവരി മാസങ്ങളിൽ തുക നൽകിയെന്നും അതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. 2021-22-ലെ ബഡ്ജറ്റിൽ ടി ശീർഷകം അനുവദിച്ച് അതിൽ 1000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4235-02-102-86—<u>വെള്ളപ്പൊക്കത്തിൽ നാശം സംഭവിച്ച അങ്കണവാടി കേന്ദ്രങ്ങളുടെ പുതുക്കൽ</u>

2018-ലെ പ്രളയത്തിൽ നശിച്ച 9 അങ്കണവാടികളുടെ പുനർനിർമ്മാണത്തിനായി 1.55 കോടി രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.35 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-001-90—<u>വനിതാ ശിശുവികസന ഡയറക്ടറാഫീസ്</u>

വനിതാ ശിശുവികസന വകുപ്പിന് കീഴിൽ ജില്ലാ തലത്തിൽ ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുള്ളതിനാൽ 14 ജില്ലാ ഓഫീസുകളിലെയും ജീവനക്കാർക്ക് ശമ്പളത്തിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 11.5763 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2235-02-102-55—<u>അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം</u>

പത്ത് വർഷത്തിനുതാഴെ സേവനകാലയളവ് ഉള്ള അങ്കണവാടി പ്രവർത്തകർക്ക് 500 രൂപയും അതിനു മുകളിൽ സേവനകാലയളവുള്ളവർക്ക് 1000 രൂപയും പ്രതിമാസ അലവൻസിൽ വർദ്ധനവ് അനുവദിച്ചതിൻപ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 65.0466 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന്

തീരുമാനിക്കുകയും ചെയ്തു.

2235-02-103-85—ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കൽ

ഗാർഹിക പീഡന നിരോധന നിയമം നടപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്നും. ഈ ഓഫീസുകളിലെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, മറ്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിനും ഇവരുടെ ടി.എ. നൽകുന്നതിനും നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്നും വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധനസഹായം (പടവുകൾ)

വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കൂടുതലായതിനാൽ അർഹതയുള്ള എല്ലാ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിന് കഴിയാത്ത സാഹചര്യമാണുള്ള തെന്നും അധിക തുക വകയിരുത്തണമെന്നും വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിക്കുന്നവരുടെ എണ്ണം വളരെ കുറവായതിനാൽ ഈ സ്കീമിന്റെ മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കുന്നത് ഉചിതമായിരിക്കമെന്നും മാനേജ്മെന്റ് സ്ഥാപനങ്ങളിൽ പഠിക്കുമ്പോൾ വളരെയധികം പഠന ചെലവ് വരുന്നതിനാൽ അത്തരം വിധവകളുടെ കുട്ടികളെക്കൂടി സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിനുണ്ടെന്നും ഈ സ്കീം ഒന്നുകൂടി പുനപരിശോധിക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി. ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-52—ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്

കഴിഞ്ഞ വർഷം ദാക്ഷായണി വേലായുധൻ അവാർഡ് എന്ന പേരിൽ സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു അവാർഡ് പ്രഖ്യാപിച്ചിരുന്നുവെങ്കിലും അതിന് ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂ എന്ന് വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 1.14 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന്

ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-96—<u>സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ അബലാമന്ദിരം മുതലായവ</u>

വകുപ്പിന്റെ കീഴിൽ ആലപ്പുഴയിലുള്ള ബാലസദനത്തിന്റെയും കോഴിക്കോട് പ്രവർത്തിക്കുന്ന ആശാ ഭവൻ, ഷോർട്ട് സ്റ്റേ ഹോം എന്നീ സ്ഥാപനങ്ങളിലെയും അന്തേവാസികളുടെ ഭക്ഷണം, മരുന്ന്, വസ്ത്രം എന്നീ ചെലവുകൾക്കും 15 ക്ഷേമ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ് താൽക്കാലിക ജിവനക്കാരുടെ ദിവസവേതനം, എന്നീ ചെലവുകൾ വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 16.82 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിക്കുകയും ചെയ്തു.

2235-02-104-94—<u>ബാലമന്ദിരങ്ങളിൽ വ്യാവസായിക ഘടകങ്ങൾ ആരംഭിക്കൽ (ടെക്നിക്കൽ ട്രെയിനിംഗും ഡെവലപ്മെന്റും)</u>

വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ഹോമുകളിലും സ്പെഷ്യൽ ഹോമുകളിലും പരിശീലനപരിപാടികൾ ആവിഷ്കരിക്കുന്നതിനും ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്നും അസാപ്, കെയ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്നും അധിക തുക വകയിരുത്തണമെന്നും വനിത-ശിശുക്ഷേമ വകുപ്പ് ഡയറക്ടർ അറിയിച്ചു. ഈ ശീർഷകത്തിൽ 2.50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-106-94—<u>സങ്കേത ഭവനങ്ങളും പരിരക്ഷാലയങ്ങളും</u>

വകുപ്പിന്റെ കീഴിലുള്ള ജുവനൈൽ ഹോമുകൾ, സ്പെഷ്യൽ ഹോമുകൾ, കെയർ/ ആഫ്റ്റർ കെയർ ഹോമുകൾ, പകൽപരിപാലനകേന്ദ്രം എന്നിവിടങ്ങളിലെ വാട്ടര് ചാർജ്, വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, അദർ ചാർജസ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40.45 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-102-53—<u>ചൈൽഡ് റൈറ്റ്സ് കമ്മീഷൻ</u>

ചൈൽഡ് റൈറ്റ്സ് കമ്മീഷന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ വാഹനവാടകയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ

ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-99—<u>സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം</u>

ഇത് സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡിന്റെ കേരള സംസ്ഥാന വെൽഫെയർ ബോർഡാണെന്നും സോഷ്യൽ വെൽഫെയർ ബോർഡിന് അതിന്റെ ഭരണ ചെലവുകളുടെ അമ്പതുശതമാനവും ചെയർപേഴ്സന്റെ ഓണറേറിയവുമാണ് കേന്ദ്ര സർക്കാർ ഗ്രാന്റായി നൽകുന്നതെന്നും ബോർഡിന്റെ ഭരണ ചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി 2020-21 വർഷത്തേയ്ക്ക് ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,75,140 രൂപ ആവശ്യമായി വരുന്നുണ്ടെന്നും ഇതിനു പുറമേ 2018-19 വർഷത്തെ ഭരണചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ചതിൻപ്രകാരമുള്ള 59,52,225 രൂപ കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ടെന്നും അധിക തുക അനുവദിക്കണമെന്നും വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ 94.07 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-104-99—<u>ശ്രീ ചിത്രാ ഹോം സഹായധനം</u>

80 വർഷത്തോളം പഴക്കമുള്ള കെട്ടിടങ്ങളാണ് ശ്രീചിത്രാ ഹോമിന്റേതെന്നും മഴയത്ത് ചോർന്നൊലിക്കുന്ന അവസ്ഥയിലാണെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 60 കോടി രൂപ ആവശ്യമാണെന്നും സാമൂഹ്യനീതിയും വനിതാശിശുവികസനവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തി ശമ്പളം ന്ലകുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്നും അദ്ദേഹം അറിയിച്ചു. ഈ ശീർഷകത്തിൽ 61.7001 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-02-103-89—<u>വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ</u>

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നതിന് നഴ്സുമാരെ പ്രാപ്തരാക്കുന്നവിധം നൈപുണ്യ വികസന പരിശീലനം (ASEP-N-Advanced Skill Enhancement Programme for Nurses), അവസാനവർഷ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥിനികൾക്കായുള്ള ഭാഷാ നൈപുണ്യ പരിശീലനം എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനായി 8.2 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1.3 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ചെയർമാൻ സമിതി മുമ്പാകെ അറിയിച്ചു.

ഈ ശീർഷകത്തിൽ 6.86 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു..

2235-02-102-23—<u>കോവിഡ് 19 മഹാമാരിമൂലം അനാഥരാക്കപ്പെട്ട കുട്ടികൾക്കുള്ള ധനസഹായം</u>

കോവിഡ് 19 മഹാമാരിമൂലം മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിന് 2021-22 സാമ്പത്തിക വർഷത്തെ ഭേദഗതി ബഡ്ജറ്റിൽ 5 കോടി രൂപ പ്രത്യേക പാക്കേജായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും എന്നാൽ ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഈ ശീർഷകത്തിൽ 4.9999 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.10-ന് അവസാനിച്ചു.

## 30-6-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2021 ജൂൺ മാസം 30-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു ഹാജരായിരുന്നു. ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു. താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ. എ.
3. ശ്രീ. യു. എ. ലത്തീഫ്, എം.എൽ. എ.
4. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.
5. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
6. ശ്രീ. രമേശ് ചെന്നിത്തല, എം.എൽ.എ.
7. ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XXV, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് വരുന്ന സഭാ സമ്മേളന കാലയളവിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും 85 ശിപാർശകളടങ്ങിയ പ്രസ്തുത റിപ്പോർട്ടിലെ 8 ശിപാർശകൾക്കു മാത്രമേ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളൂവെന്നും സമിതി വിഭാഗം അണ്ടർ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

വകുപ്പുകൾ സമയബന്ധിതമായി നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കിയില്ലെങ്കിൽ വകുപ്പു സെക്രട്ടറിമാരെ സമിതി മുമ്പാകെ വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തേണ്ടതാണെന്നും 5-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അടിയന്തരമായി നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട വകുപ്പുകളിലേക്ക് കത്തയയ്ക്കുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് അവസാനിച്ചു.

## 29-7-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2021 ജൂലൈ മാസം 29-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു ഹാജരായിരുന്നു. ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് പ്രത്യേക ക്ഷണിതാവായി യോഗത്തിൽ പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. ആൻസലൻ, എം.എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
3. ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

4. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

5. ശ്രീമതി ശാന്തകുമാരി കെ., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡിഷണൽ സെക്രട്ടറി,

2. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ്
2. ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്
3. ശ്രീമതി ബീനാകുമാരി എസ്., അഡീഷണല് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
4. ശ്രീമതി നിഷ എസ്., അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. ശ്രീ. ശശിധരൻ എം., ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
6. ശ്രിമതി സിന്ധു പി.എം., സീനിയർ ഫിനാൻസ് ഓഫീസർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
7. ശ്രീമതി അംബികാദേവി ഡി., സീനിയർ ഫിനാൻസ് ഓഫീസർ, വനിതാ ശിശു വികസന വകുപ്പ്.
8. ശ്രീ. എ. അൻസാർ, ഫിനാൻസ് ഓഫീസർ, എസ്.ടി. ഡയറക്ടറേറ്റ്
9. ശ്രീ. അഭിലാഷ് സി. യു., ജനറൽ മാനേജർ (എഫ്&എ), കെ.എസ്.ബി.സി. ഡി.സി.

സമിതി 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

സാമൂഹ്യനീതി, വനിതാശിശു വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് 40 മുതൽ 75 വരെയുള്ള ശിപാർശകളിന്മേലുള്ള മറുപടിയാണ് വകുപ്പിൽ നിന്നും ലഭിക്കാനുള്ളതെന്നും അതിൽ മൂന്നെണ്ണമൊഴികെ മറ്റെല്ലാ മറുപടികളും വകുപ്പിൽ നിന്നും അയച്ചിരുന്നുവെന്നും അത് മുഴുവൻ സമിതിക്ക് ലഭ്യമായിട്ടില്ലെന്നാണ് അറിയാൻ

കഴിഞ്ഞതെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

റിപ്പോർട്ട് ലഭ്യമാക്കാത്ത 52, 55. 64 എന്നീ മൂന്ന് ഖണ്ഡികകൾ പരിശോധിച്ചതിൽ ഖണ്ഡിക നമ്പർ 52, സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള സാമൂഹ്യ മനശാസ്ത്ര സേവനം എന്ന പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും പ്രസ്തുത ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി 3 കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും ഖണ്ഡിക 55 നിർദ്ധനരായ വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹധനസഹായം എന്ന ശീർഷകത്തിൽ ധനസഹായം കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിനായി 3.8651 കോടി രൂപ അധികമായി വകയിരുത്തണമെന്ന ശിപാർശയാണെന്നും ഇത് കഴിഞ്ഞവർഷം വരെ സാമൂഹ്യനീതിയും ലാന്റ് റവന്യൂ കമ്മീഷണറും ഒരുമിച്ച് കൈകാര്യം ചെയ്തിരുന്ന ശീർഷകമായിരുന്നുവെന്നും ലാന്റ് റവന്യൂ കമ്മീഷണർ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും ഈ തുക നൽകിയിട്ടുണ്ടെന്നും ഈ വ്രഷം മുതൽ ഇത് വനിതാശിശു വികസന വകുപ്പിന്റെ ഹെഡിലേക്ക് മാറ്റിയിട്ടുണ്ടെന്നും ഈ ശിർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല എന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ ശീർഷകത്തിൽ അധികമായി തുക ആവശ്യപ്പെടാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് നേരത്തേ സാമൂഹ്യനീതിയും ലാന്റ് റവന്യൂ കമ്മീഷനും സംയുക്തമായാണ് ഈ ശീർഷകം കൈകാര്യം ചെയ്തിരുന്നതെന്നും ഇത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

ഖണ്ഡിക 64 അസംഘടിത മേഖലയിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി അങ്കണവാടി കേന്ദ്രങ്ങൾ സംയോജിപ്പിച്ച് നടത്തുന്ന അങ്കണവാടി ക്രഷുകളുടെ പ്രവർത്തനമാണെന്നും ഇതര സംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടിയുള്ള മൊബൈൽ ക്രഷുകൾ എന്ന പദ്ധതിയായിരുന്നു ഇതെന്നും കുടുംബമായി താമസിച്ചിരുന്ന ഇതരസംസ്ഥാനത്തുള്ളവർ കോവിഡിനോടനുബന്ധിച്ച് കഴിഞ്ഞവർഷം തിരിച്ചുപോയതുകൊണ്ട് ക്രഷുകളെല്ലാം നിർത്തലാക്കി സർക്കാർ ഉത്തരവായെന്നും അതിനാൽ ഈ ശീർഷകത്തിൽ അധികതുക ആവശ്യം വന്നിട്ടില്ലെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ തയ്യാറായിട്ടുണ്ടെന്നും ഉടനടി സമിതി മുമ്പാകെ സമർപ്പിക്കാമെന്നും സാമൂഹ്യനീതി വനിതാശിശു വികസന വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

വകുപ്പുകൾ യഥാസമയം റിപ്പോർട്ടുകൾ ലഭ്യമാക്കാതിരുന്നതുകൊണ്ട് സമിതിയുടെ

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും മറ്റ് സമിതികൾ എല്ലാം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചുകഴിഞ്ഞുവെന്നും സമിതി വിഭാഗം അഡിഷണല് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

<u>പട്ടികജാതി വികസനം</u>

ഖണ്ഡിക നമ്പർ - 2, 3, 4, 5, 6, 7, 9, 10, 11, 17, 18, 19, 20, 21, 22, 23, 24, 25, 26, 27

<u>പട്ടികവർഗ്ഗ വികസനം</u>

ഖണ്ഡിക നമ്പർ 12 മുതൽ 16 വരെ

<u>പിന്നാക്കവിഭാഗ വികസനം</u>

ഖണ്ഡിക നമ്പർ 28 മുതൽ 39 വരെ

<u>സാമൂഹ്യനീതി</u>

ഖണ്ഡിക നമ്പർ - 40, 41,42, 44, 45, 46, 47, 53, 56

<u>വനിതാശിശു വികസനം</u>

ഖണ്ഡിക നമ്പർ -57, 58, 60, 61, 62, 66, 67, 68, 69, 75

<u>സൈനികക്ഷേമം</u>

ഖണ്ഡിക നമ്പർ 81 മുതൽ 85 വരെ

പ്രസ്തുത റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 43, 48, 49, 50, 51, 52, 54, 55 വനിതാശിശു വികസന വകുപ്പുമായി ബന്ധപ്പെട്ട 64, 65, 70, 71, 72, 73, 74, പൊതുഭരണ വകുപ്പുമായി ബന്ധപ്പെട്ട 77, 78, 79, 80 എന്നീ ഖണ്ഡികകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കി ആയത് പരിഗണിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെയും 2020 എപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെയും കരടുകൾ പരിഗണിക്കുന്ന തിനുമായി 2-8-2021 തിങ്കളാഴ്ച സഭ പിരിഞ്ഞതിനുശേഷം യോഗം ചേരുവാൻ സമിതി

തിരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് അവസാനിച്ചു.

## 2-8-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2021 ആഗസ്റ്റ് മാസം 2-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം 4.05-ന് നിയമസഭാ സമുച്ചയത്തിലെ 5 'എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. ആർ. ബിന്ദു ഹാജരായിരുന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു:

1. ശ്രീ. കെ. ആൻസലൻ, എം. എൽ.എ.
2. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം. എൽ. എ.
3. ശ്രീ. ഒ.ആർ. കേളു, എം. എൽ. എ.
4. ശ്രീ. യു. എ. ലത്തീഫ് , എം. എൽ. എ.
5. ശ്രീ. സി.സി. മുകുന്ദൻ, എം. എൽ. എ.
6. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
7. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ. എ.
8. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണല് സെക്രട്ടറി,
2. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീമതി അഞ്ജന എം., ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
2. ശ്രീമതി നിഷ എസ്., അഡീഷണല് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
3. ശ്രീ. നിഷാന്ത് എസ്., റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ

4. ശ്രീ. അനിൽകുമാർ ജി., സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
5. ശ്രീമതി അല്ലി റാണി എ. എം., ഫിനാൻസ് ഓഫീസർ, കേരള സാമൂഹ്യസുരക്ഷാ മിഷൻ
6. ശ്രീമതി ലത എം. എസ്., ഫിനാൻസ് ഓഫീസർ, ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്
7. ശ്രീമതി ഷാലീന ഡി.എൽ., ഫിനാൻസ് ഓഫീസർ, വനിതാ ശിശു വികസന വകുപ്പ്
8. ശ്രീ. പ്രദീപ് പി., സീനിയർ സൂപ്രണ്ട്, എസ്. ടി. ഡയറക്ടറേറ്റ്.

സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി പൊതുഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി, വനിതാശിശു വികസനം, പൊതുഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

   (ഫ.നം. 1687/സബ്.സി ജി2/2020/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 43,48,49,50,51,52,54,55 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പും 64,65,70,71,72.73,74 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വനിതാശിശു വികസന വകുപ്പും 77, 78, 79, 80 എന്നീ ഖണ്ഡികകകളിലെ ശിപാർശകളിന്മേൽ പൊതുഭരണ (ഏകോപനം) വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്

   (ഫ.നം. 1687/സബ്.സി ജി2/20/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

3. സമിതിയുടെ 2020 എപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫ.നം. 8555/സബ്.സി ജി2/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

2016-17, 2017-18, 2019-20 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത വകുപ്പുകളുടെ സമീപനത്തിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും സമിതിയുടെ പരിഗണനയിലുള്ള തീർപ്പാക്കാതെ അവശേഷിക്കുന്ന ഫയലുകളിന്മേൽ അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനും റിപ്പോർട്ട് ലഭ്യമാക്കാത്തപക്ഷം വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.25 -ന് അവസാനിച്ചു.

## 29-9-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2021 സെപ്റ്റംബർ മാസം 29-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ ഐ. ടി. വീഡിയോ കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും പ്രത്യേക ക്ഷണിതാവായി ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും (വീഡിയോ കോൺഫറൻസ് മുഖേന) പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.
2. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.
3. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡിഷണൽ സെക്രട്ടറി,
2. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ മറ്റ് ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി നിഷ എസ്., അഡീഷണൽ സെക്രട്ടറി, വനിതാശിശു വികസന വകുപ്പ്
2. ഡോ. അദീല അബ്ദുല്ല, ഐ.എ.എസ്., ഡയറക്ടർ, വനിതാശിശു വികസന

വകുപ്പ്

3. ശ്രീ. എൻ. ദേവീദാസ്, ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്.

4. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണല് ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ്

5. ശ്രീ. ആർ. ഷിബു, ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്

6. ശ്രീമതി അനീറ്റ എസ്., അസിസ്റ്റന്റ് ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്.

<u>വിഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി റാണി ജോർജ്, ഐ.എ.എസ്, പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യനീതിയും വനിതാശിശു വികസനവും വകുപ്പ്

2. ശ്രീമതി ടി. വി. അനുപമ ഐ. എ. എസ്, ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

3. ശ്രീമതി സൂസൻ ഗോപി, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ

4. ശ്രീമതി ബിന്ദു, മാനേജിംഗ് ഡയറക്ടർ, പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കേർപ്പറേഷൻ.

സമിതി കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ-2021 (എസ്.ആർ.ഒ.നം. 520/2021), 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പിന്നാക്കവിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രിക, എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

1. കേരള സ്ത്രീധന നിരോധന (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ.നം. 520/2021) സമിതിയുടെ സാധൂകരണം നേടുന്നത് സംബന്ധിച്ച്.

(ഫ.നം 13218/സബ്.സി ജി2/2021/നി.സെ.)

2004-ൽ നിലവിൽ വന്ന സ്ത്രീധന നിരോധന ചട്ടങ്ങൾ പ്രകാരം സ്ത്രീധന നിരോധന നിയമത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ചുമതലകൾ സാമൂഹ്യനീതി വകുപ്പിനായിരുന്നുവെന്നും നിർവ്വഹണ ചുമതല വഹിച്ചിരുന്നത് Regional Dowry

Prohibition Officer ആയിരുന്നുവെന്നും 2017-ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശു വികസന വകുപ്പുകൂടി രൂപീകരിച്ചുവെങ്കിലും ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവന്നിരുന്നില്ലെന്നും അടുത്ത കാലത്തായി സ്ത്രീധനവുമായി ബന്ധപ്പെട്ട് വളരെയധികം മരണങ്ങൾ ഉണ്ടാകുകയും വലിയ വിവാദമാവുകയും ചെയ്ത അവസരത്തിലാണ് വനിതാശിശു വികസന വകുപ്പിന് സ്ത്രീധനനിരോധന നിയമത്തിന്റെ കാര്യക്ഷമമായ നിർവ്വഹണ ചുമതല നൽകിക്കൊണ്ട് ചട്ടത്തിൽ Regional Dowry Prohibition Officer എന്നതിനുപകരം District Dowry Prohibition Officer എന്നും Prohibition Officer എന്നതിനുപകരം Women Protection Officer എന്നും ആക്കി മാറ്റിക്കൊണ്ട് അടിയന്തരമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടി വന്നതെന്നും കൂടാതെ Director Women and Child Development Department എന്നത് Chief Dowry Prohibition Officer എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ടെന്നും വനിതാശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഇത് വളരെ കാലമായി നിയമവകുപ്പിൽ പെന്റിംഗിൽ ഉണ്ടായിരുന്ന വിഷയമാണെന്നും നിയമവകുപ്പിലെ നടപടിക്രമങ്ങൾ എല്ലാം ത്വരിതപ്പെടുത്തി അംഗീകരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയാണുണ്ടായതെന്നും ആരോഗ്യ വനിതാശിശു വികസന വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത എസ്. ആർ. ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

2. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 12 മുതൽ 15 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും

   (ഫ.നം 3334/സബ്.സി ജി2/2019/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

3. 2018-19 സാമ്പത്തിക വർഷത്ത പട്ടികവർഗ്ഗവികസന വകുപ്പുമായി ബന്ധപ്പെട്ട വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക (ഫ.നം. 111/സബ്.സി ജി2/2019/നി.സെ.)

പ്രസ്തുത കാലതാമസപത്രിക സമിതി അംഗീകരിച്ചു.

സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 7-ലെ ശിപാർശയിന്മേലും, 2017-18

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 3, 4, 6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും പട്ടികജാതി വികസന വകുപ്പും 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 7 മുതൽ 11 വരെ ഖണ്ഡികകളിലെ ശിപാർശയിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പും 17, 18, 29, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പും 34, 35, 38, 40, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വനിതാ ശിശു വികസന വകുപ്പും ടി ഖണ്ഡികകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും അടിയന്തരമായി റിപ്പോർട്ടാവശ്യപ്പെട്ട് വകുപ്പുകളിലേക്ക് കത്തയയ്ക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

സാമൂഹ്യനീതി വനിതാശിശു വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (കാലതാമസപത്രികസഹിതം) പൊതുഭരണ ഏകോപനം വകുപ്പുമായി ബന്ധപ്പെട്ട 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (കാലതാമസപത്രികസഹിതം) എന്നിവ അടിയന്തരമായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വകുപ്പുകളിലേക്ക് കത്തയയ്ക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആയത് സംബന്ധിച്ച് 2-8-2021-ലെ യോഗത്തിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സ്പീക്കർ വളരെ കർക്കശമായി ഒരു റൂളിംഗ് നൽകിയിട്ടുണ്ടെന്നും അഡീഷണല് സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

നടപടി റിപ്പോർട്ടുകൾ കൃത്യസമയത്ത് ലഭിച്ചെങ്കിൽ മാത്രമേ ഫയലുകളിന്മേൽ വ്യക്തമായി തീരുമാനങ്ങളെടുക്കാൻ സാധിക്കൂ എന്നും റിപ്പോർട്ടുകൾ വൈകുന്നതിനനുസരിച്ച് അതിന്റെ പ്രസക്തി നഷ്ടപ്പെടുകയാണെന്നും സമിതി അഭിപ്രായപ്പെടുകയും സമിതിയുടെ പരിഗണനയിലുള്ള തീർപ്പാക്കാതെ അവശേഷിക്കുന്ന എല്ലാ ഫയലുകളിലും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിനും റിപ്പോർട്ട് ലഭ്യമാക്കാത്തപക്ഷം വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.50-ന് അവസാനിച്ചു.

## 8-12-2021-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2021 ഡിസംബർ മാസം 8-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 5 ബി സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദുവും പ്രത്യേക ക്ഷണിതാവായി ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജും (വീഡിയോ കോൺഫറൻസ് മുഖേന) പങ്കെടുത്തു. കൂടാതെ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. ആൻസലൻ, എം. എൽ. എ.
2. ശ്രീ. ഒ. ആർ. കേളു, എം. എൽ. എ.
3. ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ.
4. ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ.
5. ശ്രീ. എം. നൗഷാദ്, എം. എൽ. എ.
6. ശ്രീ. രമേശ് ചെന്നിത്തല, എം. എൽ. എ.
7. ശ്രീമതി ശാന്തകുമാരി കെ., എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീമതി നിഷ എസ്., അഡീഷണല് സെക്രട്ടറി, വനിതാശിശു വികസന വകുപ്പ്
2. ശ്രീ. കെ. ജെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. ഷൈൻ എ. ഹഖ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. ശ്രീ. കെ. പി. പുരുഷോത്തമൻ, അഡീഷണല് സെക്രട്ടറി & രജിസ്ട്രാർ, കെ.എസ്.സി.ഇ.ബി.സി.എഫ്.സി .
5. ശ്രീമതി എം. സ്വപ്ന, ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്

6. ശ്രീ. ആർ. ഷിബു, ഡെപ്യൂട്ടി സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
7. ശ്രീമതി എസ്. ജലജ, അഡീഷണൽ ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
8. ശ്രീ. വി. സജീവ്, അഡീഷണല് ഡയറക്ടർ (ഇൻ-ചാർജ്ജ്), പട്ടികജാതി വികസന വകുപ്പ്
9. ശ്രീമതി ബിന്ദു ഗോപിനാഥ്, അഡീഷണൽ ഡയറക്ടർ (ഇൻ-ചാർജ്ജ്) വനിതാശിശു വികസന വകുപ്പ്
10. ശ്രീമതി എ. ജയശ്രീ, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, കെ.എസ്. സി.ഇ.ബി.സി.എഫ്.സി.
11. ശ്രീമതി സി. എസ്. ശ്രീജ, സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി വകുപ്പ്

<u>വിഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥ</u> :

ശ്രീമതി ടി. വി. അനുപമ, ഐ.എ.എസ്., ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്

സമിതി 2017-18, 2018-19, 2019-20, എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു:

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികവർഗ്ഗവികസനം, സാമൂഹ്യനീതി, വനിതാ- ശിശു വികസനം, പൊതുഭരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും

(ഫ.നം 3334/സബ്.സി ജി2/2019/നി.സെ.)

## പട്ടികവർഗ്ഗ വികസന വകുപ്പ്

<u>ഖണ്ഡിക-6</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭ്യമായ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു. നാലാമത് റിപ്പോർട്ടിലെ 7 മുതൽ 11 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

## സാമൂഹ്യനീതി വകുപ്പ്

പ്രസ്തുത റിപ്പോർട്ടിലെ 23 മുതൽ 28 വരെ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ

വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 24 പരിഗണിക്കവെ 2235-02-101-89 -വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'വികലാംഗർ' എന്ന പേര് മാറ്റി 'ഭിന്നശേഷിക്കാർ' എന്ന പദം ചേർക്കണമെന്നും കൂടാതെ വികലാംഗ ക്ഷേമ കോർപ്പറേഷന്റെ പേരിലും മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പിന് നിർദ്ദേശം നൽകി.

ഖണ്ഡിക നമ്പർ 25 പരിഗണിക്കവെ 2235-02-104-98-36 അനാഥശാലകൾ ധനസഹായം ശമ്പളേതരം എന്ന ഹെഡ്ഡിലെ 'അനാഥശാലകൾ' എന്ന പേര് മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്നും ആയതിനായി Orphanages and Other Charitable Homes Act ഭേദഗതി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്തു.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന 316 ക്ഷേമസ്ഥാപനങ്ങൾ അടച്ചുപൂട്ടുവാനുണ്ടായ കാരണങ്ങളും അടച്ചുപൂട്ടാൻ സാധ്യതയുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ 1.41312 കോടി രൂപ അധികമായി ആവശ്യപ്പെട്ടതിന്റെ കാരണവും സമിതി വകുപ്പ് ഉദ്യോഗസ്ഥരോട് ആരാഞ്ഞു.

2018-19-ൽ സാമൂഹ്യനീതി വകുപ്പിന്റെ വിഭജനം നടന്ന ശേഷം ഇത്തരം സ്ഥാപനങ്ങളുടെ ഗ്രാന്റ് കൊടുക്കുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നത് വനിതാശിശു വികസന വകുപ്പാണെന്നും ഇപ്പോൾ കുട്ടികളുടെ എല്ലാ ക്ഷേമ സ്ഥാപനങ്ങളും ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചുള്ള മാനദണ്ഡപ്രകാരം പ്രവർത്തിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നതിനാൽ പ്രസ്തുത ആക്ടിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് കഴിയാത്ത പല സ്ഥാപനങ്ങളും അടച്ചുപൂട്ടേണ്ട സാഹചര്യം വന്നുവെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണല് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

316 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയത് ജുവനൈൽ ജസ്റ്റിസ് രജിസ്ട്രേഷനുവേണ്ടി അപേക്ഷിച്ചിട്ട് നിരസിച്ചതുകൊണ്ടല്ലെന്നും മറിച്ച് ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷന് പോകാൻ തയ്യാറാകാതെ നേരത്തേതന്നെ ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയാണുണ്ടായതെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ജുവനൈൽ ജസ്റ്റിസ് രജിസ്ട്രേഷനുവേണ്ടി അപേക്ഷ നൽകിയ 814 സ്ഥാപനങ്ങൾ ഇപ്പോൾ സംസ്ഥാനത്തുണ്ടെന്നും കൂടാതെ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന 29 സ്ഥാപനങ്ങളുമുണ്ടെന്നും ഇത്രയും സ്ഥാപനങ്ങളിലായി 11000-ൽ താഴെ കുട്ടികളാണുള്ളതെന്നും പത്ത് മുതൽ പതിനഞ്ച് കുട്ടികൾ മാത്രമാണ് ഒരു സ്ഥാപനത്തിലുള്ളതെന്നും വനിതാശിശു വികസന വകുപ്പ് ഡയറക്ടർ വിശദീകരിച്ചു. കേന്ദ്ര

സർക്കാർ 45 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഇപ്പോൾ ഗ്രാന്റ് അനുവദിക്കുന്നതെന്നും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സ്ഥാപനങ്ങൾ അധികമാണെന്ന കാരണത്താൽ കുറച്ച് വർഷങ്ങളായി ഗ്രാന്റ് വിലക്കിയിരിക്കുകയാണെന്നും ഡയറക്ടർ സമിതിയെ അറിയിച്ചു.

ജുവനൈൽ ജസ്റ്റിസ് ആക്ട് അനുസരിച്ചുള്ള രജിസ്ട്രേഷന് സ്ഥാപനങ്ങൾ അപേക്ഷ കൊടുക്കുന്ന സമയത്ത് എവിടെയാണോ മാറ്റങ്ങൾ വരുത്താൻ സാധ്യതയുള്ളത് അത് ചെയ്യാനും അങ്ങനെയുള്ള മാറ്റങ്ങൾ വരുത്താനും നിയമനം നടത്താനും മൂന്ന് മാസം മുതൽ ആറ് മാസം വരെ സമയം കൊടുക്കുകയും അതും അവർ പാലിക്കുന്നില്ലെങ്കിൽ മാത്രമാണ് രജിസ്ട്രേഷൻ നിരസിക്കുന്നതെന്നും അത്തരത്തിലുള്ള റിജക്ഷൻ കഴിഞ്ഞ ഒന്നര വർഷമായി ഉണ്ടായിട്ടില്ലെന്നും ഡയറക്ടർ വ്യക്തമാക്കി.

ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളെല്ലാം പൂട്ടിക്കിടക്കുകയാണോ യെന്ന് സമിതി ആരാഞ്ഞതിന് ധാരാളം സ്ഥാപനങ്ങൾ ഹോസ്റ്റലുകളാക്കി മാറ്റിയിട്ടുണ്ടെന്നും കോവിഡിന്റെ സമയത്ത് ഹോസ്റ്റൽ എന്ന രീതിയിൽ പ്രവർത്തിക്കാൻ കഴിയാത്തതുകൊണ്ട് ശരിയായ കണക്ക് ലഭ്യമല്ലെന്നും സ്കൂൾ തുറന്നതിനുശേഷം കണക്ക് ലഭ്യമാക്കാമെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മറുപടി നൽകി.

316 ക്ഷേമസ്ഥാപനങ്ങൾ അടച്ചുപൂട്ടി പോകാനുള്ള കാരണങ്ങൾ സംബന്ധിച്ചും ആ സ്ഥാപനങ്ങളിലെ നിലവിലെ സ്ഥിതി സംബന്ധിച്ചും കേരളത്തിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ കുറഞ്ഞുവരുന്നതിനുള്ള കാരണങ്ങൾ സംബന്ധിച്ചുമുള്ള വിശദ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി. സമിതി നിർദ്ദേശിച്ച റിപ്പോർട്ട് ലഭ്യമാക്കാമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 26 പരിഗണിക്കവെ 2235-02-104-97-യാചകകേന്ദ്രങ്ങൾ എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'യാചക കേന്ദ്രങ്ങൾ' എന്ന പേര് മാറ്റി 'സംരക്ഷണ കേന്ദ്രങ്ങൾ' എന്നാക്കണമെന്നും ആയതിന് Orphanage Control ആക്ടിൽ സമഗ്രമായ ഭേദഗതി കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശം നൽകി.

ഇത്തരത്തിലുള്ള യാചകകേന്ദ്രങ്ങൾ സംബന്ധിച്ച് വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും അറിയാൻ കഴിയുമോയെന്ന് സമിതി ആരാഞ്ഞതിന് സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ ഓരോ ക്ഷേമസ്ഥാപനങ്ങളുടെ പേരും sanctioned strength-ഉം നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നും വൃദ്ധ സദനത്തിനും അംഗപരിമിതരുടെ സ്ഥാപനത്തിനും സൈക്കോസോഷ്യൽ കേന്ദ്രങ്ങൾക്കും പ്രത്യേകം നോംസുണ്ടെന്നും എന്നാൽ ഒരു നോംസ് പ്രകാരവും ഉൾപ്പെടാത്ത ചില പുനരധിവാസ കേന്ദ്രങ്ങളാണ് യാചകകേന്ദ്രങ്ങൾ എന്ന പേരിൽ വരുന്നതെന്നും പ്രസ്തുത

പേര് മാറ്റുന്നതിനായി ഓർഫണേജസ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള പ്രൊപ്പോസൽ കൊടുക്കാമെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

ഖണ്ഡിക നമ്പർ 27 പരിഗണിക്കവെ വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ എണ്ണമെടുക്കുന്നത് എങ്ങനെയെന്ന് സമിതി ആരാഞ്ഞു. ഒരു വർഷം എത്ര അന്തേവാസികളുണ്ടായിരുന്നു എന്നുള്ളത് അവരുടെ ഹാജർ രജിസ്റ്റർ ജില്ലാ ഓഫീസർ പരിശോധിച്ച ശേഷം ഗ്രാന്റ് ഇൻസ്പെക്ഷൻ സമയത്ത് കൃത്യമായി കണ്ടുപിടിക്കാൻ ഒരു പ്രൊഫോർമയുണ്ടെന്നും അതിനുശേഷമാണ് ഒരു അന്തേവാസിക്ക് 1,100 രൂപ വച്ച് ഗ്രാന്റ് കൊടുക്കുന്നതെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഓരോ സ്ഥാപനത്തിനും ഗ്രാന്റ് കൊടുക്കുന്നതിനുമുമ്പ് അവരുടെ ഹാജർ രജിസ്റ്റർ ജില്ലാ ഓഫീസർ അവിടെച്ചെന്ന് പരിശോധിക്കുമെന്നും ഓരോരുത്തരും എത്ര ദിവസം സ്ഥാപനത്തിലുണ്ടായിരുന്നുവെന്നും അവരുടെ ഡിസ്ചാർജ് എന്നാണെന്നും മരണപ്പെട്ടവരുണ്ടെങ്കിൽ അവരുടെ വിവരവും പരിശോധിക്കുമെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ വിശദമാക്കി.

നടപ്പുസാമ്പത്തികവർഷം ആവശ്യമായ തുക ലഭ്യമായിട്ടുണ്ടോയെന്നും ബഡ്ജറ്റ് പ്രൊപ്പോസൽ എത്രയാണെന്നും സമിതി ആരാഞ്ഞതിന് ബഡ്ജറ്റ് വിഹിതം 36 കോടി രൂപയായിരുന്നുവെന്നും ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കാണ് തുക കൊടുക്കുന്നതെന്നും മുൻ വർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനാണ് അധിക തുക ആവശ്യപ്പെടേണ്ടിവരുന്നതെന്നും ജില്ലാ പഞ്ചായത്ത് 4,23,000,67 രൂപയും മുനിസിപ്പാലിറ്റിയിൽ 1,25,12,000 രൂപയും കോർപ്പറേഷനിൽ 47,81,620 രൂപയും അധികമായി ആവശ്യപ്പെട്ടിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണല് ഡയറക്ടർ സമിതിയെ അറിയിച്ചു. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കൊടുക്കുന്ന വിഹിതത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു ഷെയർ കൂടി വയ്ക്കാനുള്ള നിർദ്ദേശമുണ്ടായാൽ മാത്രമേ ടി സ്ഥാപനങ്ങൾ ഉത്തരവാദിത്തത്തോടുകൂടി പ്രവർത്തിക്കുകയുള്ളൂവെന്നും ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാഷ്യറായി മാത്രം പ്രവർത്തിക്കുന്ന രീതിയാണെന്നും സമിതി അഭിപ്രായപ്പെട്ടു. അക്കാര്യം പരിശോധിക്കാമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി അറിയിച്ചു.

ജില്ലാ പഞ്ചായത്തുകൾക്ക് ഇങ്ങനെയൊരു ഫണ്ട് കൈമാറുന്നേയില്ലെന്ന് സമിതി അംഗം അറിയിച്ചു. ചിലയിടങ്ങളിൽ ഇത്തരത്തിലൊരു പ്രശ്നം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മൂന്ന് ചാനലിൽ കൂടി പോകുന്നത് മൂലം കാലതാമസം വരുന്നതിനാൽ സാമ്പത്തിക വർഷാവസാനം ഫണ്ട് ലാപ്സാകാതെ ജില്ലാ ഓഫീസിൽ

നിന്നുതന്നെ ഇംപ്ലിമെന്റ് ചെയ്യുന്നതിന് നിർദ്ദേശം ലഭിക്കുന്നത് കൊണ്ടാണ് ജില്ലാപഞ്ചായത്തിന് വിഹിതം ലഭ്യമാകാത്തതെന്ന പ്രശ്നം ഉണ്ടാകുന്നതെന്നും ആയത് ശ്രദ്ധിക്കാമെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ രജിസ്ട്രേഷൻ പുതുക്കാതെ ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം കേന്ദ്രങ്ങളിലെ അന്തേവാസികൾ ചില പീഡനങ്ങൾ അനുഭവിക്കുന്നുണ്ടെന്നും പല കേന്ദ്രങ്ങളിലും ഇവരെ പരിചരിക്കാൻ ആളില്ലാത്ത അവസ്ഥയാണെന്നും ഇതിന്റെ മറവിൽ സന്നദ്ധ സംഘടനകൾ സാമ്പത്തിക ലാഭമുണ്ടാക്കുന്നതായി രേഖാമൂലം പരാതി ലഭിച്ചിട്ടുള്ളതായും സമിതി അംഗം ശ്രദ്ധയിൽപ്പെടുത്തി.

2019 വരെ സാമൂഹ്യനീതി വകുപ്പ് ഒറ്റ ഡിപ്പാർട്ട്മെന്റായി പ്രവർത്തിച്ചപ്പോൾ താഴെത്തട്ടിൽ അങ്കണവാടികളുടെയും ഐ.സി.ഡി.എസ്.-ന്റെയും സാന്നിദ്ധ്യ മുണ്ടായിരുന്നുവെന്നും എല്ലാ വർഷവും ഐ.സി.ഡി.എസ്.-ന്റെ വാർഷിക സർവ്വേയുടെ ഭാഗമായി വാർഡിനകത്തോ പഞ്ചായത്തിനകത്തോ അനധികൃത സ്ഥാപനങ്ങളുണ്ടോ യെന്നുള്ള കർശന പരിശോധന നടത്തിയിരുന്നുവെന്നും എന്നാൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ചപ്പോൾ ടി വകുപ്പിന് ജില്ലയുടെ താഴെ ഘടനയില്ലാതായി എന്നും ജില്ലാ ഓഫീസിന് മൂന്ന് നാല് ജീവനക്കാർ മാത്രമാണുള്ളതെന്നും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചപ്പോൾ നിരവധി സ്ഥാപനങ്ങൾ ഇതുപോലെ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞുവെന്നും ഇത്തരം സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനായി എൽ.എസ്.ജിഡി.-യും ഹെൽത്ത് ഡിപ്പാർട്ട്മെന്റും ചേർന്ന് താഴെത്തട്ടിലൊരു സിസ്റ്റം ഉണ്ടാക്കണമെന്ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത മീറ്റിംഗിൽ നിർദ്ദേശമുണ്ടായതായും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. ഇത്തരം അനധികൃത സ്ഥാപനങ്ങളുടെ പരിശോധന ഉൾപ്പെടെയുള്ള ജോലികൾക്കായി പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ് ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ശിപാർശ നമ്പർ 28 പരിഗണിക്കവെ മിശ്രവിവാഹ ധനസഹായമായി എസ്.സി./എസ്.ടി. ഡിപ്പാർട്ട്മെന്റ് 75,000 രൂപയും കേന്ദ്ര സർക്കാർ 2.50 ലക്ഷം രൂപയും നൽകുമ്പോൾ സംസ്ഥാന സ്രക്കാർ 2008-ൽ തീരുമാനിച്ച 30,000 രൂപ മാത്രം നൽകുന്നത് പരിശോധിക്കേണ്ടതാണെന്നും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി നൽകുന്ന പ്രസ്തുത തുക തീരെ അപര്യാപ്തമാണെന്നും അതിനാൽ ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

2019 വർഷം മുതലുള്ള പെൻഡിംഗ് അപേക്ഷകർക്ക് 30000 രൂപ വീതം വിതരണം ചെയ്യുന്നതിന് അധികമായി 8 കോടി 93 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അതിനനുസരിച്ചുള്ള തുക കിട്ടിയാൽ മാത്രമേ പെൻഡിംഗ് തീർക്കാൻ കഴിയൂ എന്നും

കുടിശ്ശിക കൊടുത്തുതീർക്കുവാൻ കഴിഞ്ഞാൽ ധനസഹായം വർദ്ധിപ്പിക്കുവാൻ കഴിയുമായിരുന്നുവെന്നും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

അടിയന്തരമായി കുടിശ്ശിക കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്ലാൻ ഡിസ്കഷന്റെ സമയത്ത് നോൺ പ്ലാൻ ഫണ്ടിൽ തുക അധികം ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശം നൽകി.

ഇതുവരെയും റിപ്പോർട്ട് ലഭ്യമാക്കാത്ത 17,18,29,30 എന്നീ ഖണ്ഡികകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് സാമൂഹ്യനീതി വകുപ്പ് അഡീഷണല് ഡയറക്ടർ സമിതിയെ അറിയിച്ചു.

## വനിതാ ശിശു വികസന വകുപ്പ്

പ്രസ്തുത റിപ്പോർട്ടിലെ 34, 38, 40, 46 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകളും കാലതാസപത്രികകളും സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 34 പരിഗണിക്കവേ 2235-02-102-55-01-5 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 'അങ്കണവാടി വർക്കർ' എന്ന വാക്കിനു പകരം 'അങ്കണവാടി ജീവനക്കാർ' എന്ന് തിരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 40 പരിഗണിക്കവേ 'അന്വേഷി' എന്ന പേരിലുള്ള വനിതാ കൗൺസിലിംഗ് സെന്ററിന് സർക്കാർ എല്ലാ വർഷവും പണം കൊടുത്തുകൊണ്ടിരിക്കുകയാണെന്ന് അഭിപ്രായപ്പെട്ട സമിതി അവർ സംസ്ഥാനമൊട്ടാകെ പ്രവർത്തിക്കുന്ന സംഘടനയാണോയെന്നും എന്ത് മാനദണ്ഡമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്നും അന്വേഷിക്കുന്നതിന് നിർദ്ദേശിച്ചു.

'അന്വേഷി'-ക്ക് രണ്ട് തരത്തിലുള്ള ഗ്രാന്റ് ലഭിക്കുന്നുണ്ടെന്നും അതിലൊന്ന് Domestic violence-ന് കേരളത്തിലെ 81 എൻ.ജി.ഒ.-കൾക്ക് കൊടുക്കുന്ന ഗ്രാന്റാണെന്നും ഇതുകൂടാതെ അവർക്കുമാത്രമായുള്ള ഒരു ഹെഡിൽ നിന്നും എല്ലാ വർഷവും ഗ്രാന്റ് ലഭിക്കുന്നുണ്ടെന്നും ആയത് വകുപ്പിന്റെ പ്രൊപ്പോസൽ മുഖേന ലഭിച്ചതല്ലെന്നും ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്നതാണെന്നും ഓരോ വർഷവും അന്വേഷിയിൽ നിന്നും അപേക്ഷ ലഭിക്കുമ്പോൾ വകുപ്പിൽ നിന്നും ജില്ലാ ഓഫീസർ ടി സ്ഥാപനത്തിൽപോയി പരിശോധിച്ച് അവരുടെ പ്രവർത്തനങ്ങൾ എങ്ങനെയാണെന്ന് വിലയിരുത്തി സർക്കാരിലേക്ക് ഒരു റിപ്പോർട്ട് കൊടുക്കുക മാത്രമാണ് ചെയ്യുന്നതെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

Domestic violence അനുഭവിക്കുന്ന ആൾക്കാർക്ക് ലീഗൽ പ്രൊട്ടക്ഷൻ കൊടുക്കുന്നതിനുള്ള സെന്ററുകൾ എല്ലാ എൻ.ജി.ഒ.-കൾക്കും ആരംഭിക്കാമെന്നും അത്

അന്വേഷിയും ആരംഭിച്ചിട്ടുണ്ടെന്നും അന്വേഷിയുടെ മറ്റ് പൊതുവായ പ്രവർത്തനങ്ങൾ സർക്കാരിന്റെ വകുപ്പിൽ ഉൾപ്പെടുത്തി വന്നിട്ടുണ്ടെന്നും അത് വകുപ്പിന്റെ ശിപാർശ യനുസരിച്ച് വന്നതായിരുന്നില്ലെന്നും ഡയറക്ടർ വിശദീകരിച്ചു.

ടി സംഘടന എല്ലാ വർഷവും നോൺ പ്ലാൻ ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വീതം ചെലവഴിച്ചുകൊണ്ടിരിക്കുകയാണെന്നും കോഴിക്കാട് ജില്ല കേന്ദ്രീകരിച്ച് മാത്രം പ്രവർത്തിക്കുന്ന ടി സ്ഥാപനം അതിനനുസരിച്ച് എന്ത് പ്രവർത്തനമാണ് നടത്തുന്നതെന്ന് പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

അന്വേഷിയുടെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിലൂടെ അനുവദിക്കുന്ന തുകയാണിതെന്നും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ സ്ഥാപനത്തിനും സുഗതകുമാരി ടീച്ചറിന്റെ സ്ഥാപനത്തിനും ഇത്തരത്തിൽ ഗ്രാന്റ് കൊടുത്തിരുന്നുവെന്നും ഇത് വകുപ്പ് കൊണ്ടുവന്നതല്ലെന്നും ആരോഗ്യ വനിതാ ശിശു വികസന വകുപ്പു മന്ത്രി മറുപടി നൽകി.

'അന്വേഷി' എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

## പൊതുഭരണ വകുപ്പ്

### ഖണ്ഡിക -50

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

2. 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പൊതുഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും

(ഫ.നം. 1228/സബ്.സി. ജി2/2018/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

4. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 3,4,6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി വികസന വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ

(ഫ.നം. 1910/സബ്.സി. ജി2/2017/നി.സെ.)

പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 3 പരിഗണിക്കവെ കോളനികളുടെ നവീകരണത്തിനായി ഓരോ

കോളനിക്കും ഒരു കോടി രൂപ വീതം വകയിരുത്തുന്നുണ്ടെങ്കിലും പ്രസ്തുത ജോലികൾ പലയിടങ്ങളിലും പൂർത്തീകരിച്ചിട്ടില്ലെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് റിവ്യൂ നടത്തിയിട്ടുണ്ടോയെന്ന് ആരായുകയും ചെയ്തു.

2012 മുതൽ 2020-21 വരെ സ്വയംപര്യാപ്ത ഗ്രാമങ്ങൾക്ക് ഓരോന്നിനും ഒരു കോടി രൂപ വീതം കൊടുത്തുവന്നിരുന്നുവെന്നും കൂടാതെ 2016-17-ൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൂടി നിലവിൽവന്നുവെന്നും ഇതിനെല്ലാം കൂടി 9 ഏജൻസികളെ ചുമതലപ്പെടുത്തിയിരുന്നുവെന്നും പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള താല്പര്യം പല ഏജൻസികൾക്കുമില്ലെന്നും അവർ സബ് കോൺട്രാക്ട് കൊടുക്കുകയാണ് ചെയ്യുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു. അതിനാൽ ഡിസംബർ 31-നകവും മാർച്ച് 31-നകവും പൂർത്തീകരിക്കേണ്ട പ്രവൃത്തികളുടെ ലിസ്റ്റെടുത്ത് അതു സംബന്ധിച്ച ഒരു റിവ്യൂ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണെന്നും സംസ്ഥാന നിർമ്മിതി കേന്ദ്രം, ജില്ലാ നിർമ്മിതി കേന്ദ്രം, ഹാബിറ്റാറ്റ് തുടങ്ങി മുഴുവൻ ഏജൻസികളെയും വിളിച്ച് ഓരോ ഏജൻസിയും ഏറ്റെടുത്ത വർക്കുകളുടെ വിശദാംശങ്ങളെടുക്കുകയും ഡിസംബർ 31-നും മാർച്ച് 31-നും പൂർത്തീകരിക്കേ ണ്ടവയുടെ ടാർജറ്റ് പ്രസിദ്ധീകരിക്കുകയും പ്രസ്തുത ടാർജറ്റിനുള്ളിൽ ചെയ്തുതീർത്തില്ലെങ്കിൽ അവരെ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സമിതി ചെയർമാൻ അറിയിച്ചു. ഈ സാമ്പത്തിക വർഷത്തിൽ കോളനികൾക്ക് ഒരു കോടി രൂപ അഡ്വാൻസ് കൊടുക്കുന്നതിനു പകരം ഓരോ കോളനിയുടെയും ഫീസിബിലിറ്റി സ്റ്റഡി നടത്തി ആവശ്യമുള്ള തുക എത്രയെന്ന് കണ്ടെത്തി റിപ്പോർട്ട് നൽകാൻ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എം.എൽ.എ.-മാരുടെകൂടി സഹകരണത്തോടെ അവിടെ സ്കീമുണ്ടാക്കി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ചെയർമാൻ വ്യക്തമാക്കി.

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ഇടയ്ക്കിടെയുണ്ടാകുന്ന ശിശുമരണങ്ങൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി 10-1-2022-ൽ അട്ടപ്പാടി സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 1.00 മണിക്ക് അവസാനിച്ചു.

---